# ബുഖാറയിലൂടെ

യാത്രാ വിവരണം

മൗലാനാ സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വി

വിവർത്തനം:
അബ്ദുശ്ശുക്കൂർ അൽ ഖാസിമി

പ്രസാധനം

സയ്യിദ് ഹസനി അക്കാഡമി

ദാറുൽ ഉലും ഇസ്‌ലാമിയ്യ

ഞക്കനാൽ പി.ഒ, ഓച്ചിറ, കൊല്ലം

| | | |
|---|---|---|
| Title | : | Bukharayilude (Malayalam) |
| Orginal | : | FI- Vathanil Imamil Bukhari (Urdu) |
| Author | : | Moulana Sayyid Muhammad Rabi' Nadwi |
| Transalator | : | Abdushakkoor Qasimi |
| Second edition | : | 2011 June |
| Publishers | : | Sayyid Hasani Academy<br>Darul Uloom Islamiyya<br>Oachira, Kollam, Kerala. |
| Printed at | : | Ruby Offset, Tvpm |
| Book No. | : | 50 |
| Copies | : | 3000 |
| Price | : | ₹15 |
| website | : | www.thauba.com |
| E-mail | : | sayyidhasanioachira@gmail.com |

rights with publishers

# ആമുഖം

ഇസ്ലാമിന്റെ ചരിത്രം പാരായണം ചെയ്യുന്നവരുടെ കണ്ണുകൾക്ക് മുന്നിൽ തിളങ്ങി നിൽക്കുന്ന നാമങ്ങളാണ് ബുഖാറയും സമർഖന്ദും. ആ തിളക്കം എന്റെ കണ്ണുകളെയും ആകർഷിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ ആ പ്രദേശവും അവിടുത്തെ ഉന്നതവ്യക്തിത്വങ്ങളുടെ പിൻ തലമുറകളെയും കാണണമെന്ന് വളരെ ആഗ്രഹിച്ചിരുന്നു.

റഷ്യയുടെ പിടുത്തം മുറുകിയ കാലത്ത് തന്നെ അവിടെ പോകാനും കാണാനുമുള്ള ആഗ്രഹം ഒരു സ്വപ്നമായുണ്ടായിരുന്നു. എന്നാൽ പിടിത്തത്തിനയവ് വരുകയും ആ പ്രദേശം സ്വതന്ത്രമാകാനുള്ള അടയാളങ്ങൾ പ്രകടമാകുകയും ചെയ്തപ്പോൾ യാത്രക്കുള്ള സാധ്യത തെളിഞ്ഞു. വിവിധ മുസ്ലിം സംഘങ്ങളും വ്യക്തികളും അവിടെ പോയി.

അങ്ങനെ ഞങ്ങൾക്കും ഒരവസരം ലഭിച്ചു. ഇമാം ബുഖാരിയുടെ സ്മരണയായി ഒരു പഠന കേന്ദ്രവും മസ്ജിദും സ്ഥാപിക്കാൻ ഓക്സ്ഫോർഡിലെ ഇസ്ലാമിക് സെന്റർ തീരുമാനിച്ചു. അതിന്റെ തുടക്കമെന്നോണം ഉസ്ബക്കിസ്താൻ ഗവൺമെന്റിന്റെ അനുവാദത്തോടെ സമർഖന്ദിൽ ഒരു സെമിനാർ സംഘടിപ്പിച്ചിരുന്നു. മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി ഓക്സ്ഫോർഡ് ഇസ്ലാമിക് സെന്ററിന്റെ അദ്ധ്യക്ഷനായതിനാൽ മൗലാനയും ഈയുള്ളവനും അതിൽ പങ്കെടുത്തു. മടങ്ങി വന്നശേഷം ഈ യാത്രയുടെ കുറിപ്പുകൾ പ്രസിദ്ധീകരിച്ചു. ഇപ്പോൾ അത് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്. ഇതിനെ പ്രോത്സാഹിപ്പിച്ചവർക്കെല്ലാം വിശിഷ്യാ അവതാരിക എഴുതിയ പ്രൊഫസർ വസീ അഹ്മദ് സിദ്ദീഖ് സാഹിബിന് നന്ദി രേഖപ്പെടുത്തുന്നു. അല്ലാഹു എല്ലാവരെയും അനുഗ്രഹിക്കട്ടെ.

മുഹമ്മദ് റാബിഅ് ഹസനി

ഹിജ്റ: 1418, റമദാൻ 10

## അവതാരിക

യാത്രാ വിവരണത്തോടൊപ്പം ചരിത്ര വിവരണവും കൂടി ചേർന്നാൽ ആ രചന ഒരു തത്വശാസ്ത്ര ഗ്രന്ഥമായി മാറും. അതിന് ഭാവനകളും പിൻബലമൊന്നും ആവശ്യമില്ല. യാത്രാ പ്രദേശം സമുന്നത വ്യക്തിത്വങ്ങളുടെ ജനന കർമ്മ മേഖലകളാകുകയും അവരുടെ ജീവിതം മാതൃകാപരമായി തീരുകയും അവരുടെ സേവനം എക്കാലവും നിലനിൽക്കുന്നതാകുകയും ചെയ്താൽ യാത്രാ വിവരണം നക്ഷത്രക്കൂട്ടങ്ങൾക്കിടയിലെ സുറയ്യാ നക്ഷത്രമായി തിളങ്ങി നിൽക്കും.

ഉന്നത മഹാത്മാക്കളെയും അവരുടെ പ്രദേശത്തേയും കുറിച്ചാണ് മൗലാനാ മുഹമ്മദ് റാബീഅ് നദ്‌വി വിവരിക്കുന്നത്. ഇക്കാര്യം ഗ്രന്ഥത്തിന്റെ തുടക്കത്തിൽ തന്നെ അനുവാചകർക്ക് ബോധ്യമാകും. അറബി ഭാഷയിലും സാഹിത്യത്തിലും ആഴത്തിൽ അറിവുള്ള വ്യക്തിത്വമാണ് ഗ്രന്ഥകാരൻ. ലോക ചരിത്രത്തിലും മതങ്ങളുടെ ചരിത്രത്തിലും അഗാധ ജ്ഞാനമുള്ള പണ്ഡിതൻ. ഭൂമിശാസ്ത്ര വിജ്ഞാനത്തിൽ നിപുണനുമാണ് അദ്ദേഹം. ഈ യാത്രാ വിവരണത്തിലും മുഴുവൻ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും വിവരിച്ചിട്ടുണ്ട്. സമർഖന്ദ്,ബുഖാറ എന്നിവയെ കൂടാതെ ഉസ്ബക്കിസ്ഥാൻ, മുർഗിനാൻ, കർഗീസ്, താജികിസ്ഥാൻ, തുർക്കുമാനിസ്ഥാൻ, ഖുറാസാൻ, ഖവാറസം, ആസർബൈജാൻ എന്നീ പ്രദേശങ്ങളും ചിത്രീകരിച്ചിട്ടുണ്ട്. അവയുടെ ചരിത്രം, സാമൂഹിക മേഖല, സാംസ്കാരിക പൈതൃകം, നാടുകൾ, പുരോഗതി, അധോഗതി, മതാവസ്ഥ തുടങ്ങിയവ നന്നായി വിവരിക്കപ്പെട്ടിരിക്കുന്നു. ഈ ഗ്രന്ഥം വായിക്കുന്നത് വഴി അനുവാചകരും ആ നാടുകളിൽ എത്തിച്ചേരും.

അവിടെ സുന്ദരമായ മസ്ജിദുകളും മനോഹര മിനാരങ്ങളും മഹത്തായ മദ്റസകളും നിരന്നു നിൽക്കുന്നതായി കാണാനാകും.

നാം പരിചയപ്പെട്ടുകഴിഞ്ഞ ആ നാടുകളിൽ നിന്നും കുറേ പ്രകാശ പൂരിതമായ ഖനനങ്ങൾ നമ്മുടെ ദൃഷ്ടിയിൽ തെളിഞ്ഞുവരും. അവരിപ്ര കാരം പറയുന്നുണ്ടായിരിക്കും.

'ഞാൻ മുഹമ്മദുബ്നു ഇസ്മാഈൽ ബുഖാരിയാണ് നിങ്ങൾക്കെന്നെ അറിയാമല്ലോ? എന്റെ ജീവിതം മുഴുവൻ പുണ്യ റസൂലിന്റെ തിരുസുന്ന ത്തുകൾ സമാഹരിക്കുന്നതിൽ ഞാൻ കഴിച്ചുകൂട്ടി. അല്ലാഹു എനിക്ക് നൽകിയ ശേഷികളെല്ലാം അവയുടെ സാധുത പരിശോധിക്കുന്നതിൽ ഞാൻ ചിലവഴിച്ചു. നോക്കൂ എന്റെ കിതാബ് അൽജാമിഉസ്സഹീഹ് എന്റെ ജീവിതത്തിന്റെ ആകെത്തുകയാണ്. അല്ലാഹുവിന്റെ കിതാബിന് ശേഷം (ഖുർആൻ) സമുന്നത കിതാബ് ബുഖാരിയാണെന്ന അഭിപ്രായം ശരി യാണ്'.

'ഞാൻ ഹിദായയുടെ കർത്താവായ ബുർഹാനുദ്ദീൻ അലിയ്യുബ്നു അബൂ ബക്റാണ്. നിങ്ങൾ ദീനീ വിദ്യാർത്ഥിയാണെങ്കിൽ എന്റെ കിതാബ് പഠി ച്ചുകാണും'.

'ഞാൻ ഫതാവാ ഖാളീഖാന്റെ കർത്താവായ ഫഖ്റുദ്ദീൻ ഹസനാണ്'.

'ഞാൻ കശ്ശാഫിന്റെ മുസ്വന്നിഫ് മഹ്മൂദ് സമഖ്ഷരിയാണ്'.

'ഞാൻ ഉസൂലുശ്ശാശിയുടെ രചയിതാവ്, നിസാമുദ്ദീൻ ശാശിയാണ്'.

'ഞാൻ ഫാതിഹുൽ ഉലൂമിന്റെ മുസ്വന്നിഫ് ഖവാറസ്മിയാണ്'.

'ഞാൻ അബുല്ലൈസ് സമർഖന്ത്'. 'ഞാൻ ഉബൈദുല്ലാഹ് അഹ്റാൻ'.

'ഞാൻ സർഖസി'.

'ഞാൻ ബഹാഉദ്ദീൻ സമർഖന്തി'.

'ഞാൻ അബുന്നസ്ർ ഫാറാബി'.

'ഞാൻ അബൂ റൈഹാൻ ബിറൂനി.

'ഞാൻ ഇബ്നു സീന'.

എല്ലാം സമുന്നത വ്യക്തിത്വങ്ങളാണ്!. ഇത് വ്യത്യസ്ഥ പുഷ്പങ്ങളുടെ ഒരു പൂവനം തന്നെ.

ഈ ഫർഗാനാ മലഞ്ചെരുവിൽ നിന്നാണ് ബാബർ പുറപ്പെട്ടത്. അദ്ദേഹം ഇന്ത്യയിൽ എത്തി മുഗൾ രാജവംശത്തിന് അടിത്തറ പാകി. ഇത് മിൻഹാജ് സിറാജിന്റെ നാടാണ്. അദ്ദേഹമാണ്. ഇന്ത്യാ ചരിത്രത്തിന്റെ പ്രസിദ്ധ ഗ്രന്ഥം 'ത്വബഖാത്തെ നാസിരി' എഴുതിയത്. ഇവിടെ വെച്ചാണ് ഖാഅനീ പ്രശസ്ത കാവ്യം രചിച്ചത്.ജല തരംഗങ്ങളേക്കാൾ മധുരമനോ ഹരമാണ് അതിന്റെ ശൈലി.

ഈ പ്രദേശങ്ങളിൽ പരന്ന് കിടന്ന ചുവന്ന മേഘം മാഞ്ഞതിന് ശേഷം എഴുതപ്പെട്ട പ്രഥമ യാത്രാ വിവരണമാണിത്. ഇതിന് മുമ്പ് നിരവധി സംഘങ്ങൾ അവിടെ പോയി അവിടുത്തെ കദന കഥകൾ എഴുതിയിട്ടുണ്ട്. പക്ഷെ മൗലാനാ മുഹമ്മദ് റാബിഅ് നദ്‌വി അത്തരം കദന കഥകളും ഇന്നത്തെ പ്രതീക്ഷ നിറഞ്ഞ സാഹചര്യങ്ങളും വിവരിക്കുന്നു. മൗലാനായുടെ ചരിത്രബോധം, അറിവിന്റെ ആഴം, കാര്യങ്ങൾ നോക്കിക്കാണാനുള്ള കഴിവ് എന്നിവ ശ്രദ്ധേയമാണ്. അദ്ദേഹം ഭുതകാലത്തേക്ക് ഖിന്നതയോടെ നോക്കുകയും മറുഭാഗത്ത് യഥാർത്ഥ ബോധത്തോടെ അനുഗ്രഹീത ഭാവിയെ കുറിച്ച് പ്രതീക്ഷ നൽകുകയും ചെയ്യുന്നു. ഉമ്മിയ്യായ റസൂൽ (സ) കൊണ്ടുവന്ന ജീവിത പദ്ധതി ആകാശം മുട്ടെ ഉയർന്ന് നിൽക്കുമെന്ന് മൗലാനാ പ്രത്യാശ പ്രകടിപ്പിക്കുന്നു. മൗലാനായോടൊപ്പം ചരിത്രപ്രാധാന്യമുള്ള ഈ വൈജ്ഞാനിക പ്രദേശം നാം ചുറ്റിക്കറങ്ങി കാണുക, സുന്ദര മസ്ജിദുകളിൽ കയറി നമസ്കരിക്കുക, മദ്റസകൾ കണ്ട് ആവേശം കൊള്ളുക, ഇമാം ബുഖാരിയുടെയും ഇതര മഹാത്മാക്കളുടെയും ഖബറുകൾ സന്ദർശിച്ച് ദുആ ഇരക്കുക.

**പ്രൊഫസർ വസീ അഹ്മദ് സിദ്ദീഖി**
മുൻ പ്രിൻസിപ്പൾ
ഗാന്ധി പോസ്റ്റ് ഗ്രാജുവേറ്റ് കോളേജ്
ഷാജഹാൻ പൂർ

## ബുഖാറയും പരിസരവും; ഒരു നഖ ചിത്രം

ഉസ്ബക്കിസ്താൻ എന്ന പുതിയ പേരു സ്വീകരിച്ച പഴയ തുർക്കിസ്താനിൽ സ്ഥിതി ചെയ്യുന്ന രണ്ടു പ്രധാന ചരിത്ര നഗരങ്ങളാണ് ബുഖാറയും സമർഖന്ദും. മുസ്‌ലിം നാഗരികതയുടെ നിരവധി സ്മരണകൾ ഇവരണ്ടുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. മതവൈജ്ഞാനിക മേഖലകളിൽ ബുഖാറയ്ക്കും രാഷ്ട്രീയ – ഭരണ മണ്ഡലങ്ങളിൽ സമർഖന്ദിനും മഹിതമായ ചരിത്രങ്ങളുണ്ട്. താർത്താരി വംശജരുടെ വിശാലമായ പ്രദേശത്തിന് ഒത്ത നടുവിലും സൈഹൂൻ, ജൈഹൂൻ എന്നീ പ്രസിദ്ധ നദികളുടെ ഇടയിലുമാണ് ഈ നഗരങ്ങൾ സ്ഥിതി ചെയ്യുന്നത്. പുതിയ രാഷ്ട്രീയ വിഭജനാനന്തരം ഇസ്ബക്കിസ്താൻ എന്ന പേരിൽ ഈ പ്രദേശം ഇന്ന് അറിയപ്പെടുന്നു. തുർക്കിസ്താൻ എന്നും പേരുണ്ട്. കിഴക്കുഭാഗത്തുള്ള സൈഹൂൻ നദിയുടെ ഇരുഭാഗങ്ങളിലും നിരവധി പട്ടണങ്ങളും സമ്പൽ സമൃദ്ധമായ പ്രദേശങ്ങളും നിലകൊള്ളുന്നു. നദിയുടെ കിഴക്കൻ തീരത്തിന്റെ പേര് വാദീ ഫർഹാന എന്നാണ്. ബുഖാറയുടെ പടിഞ്ഞാറു ഭാഗത്തായി ഖവാറസം സ്ഥിതി ചെയ്യുന്നു. ഇവ മൂന്നും ഇസ്‌ലാമിക ചരിത്രത്തിലെ പ്രധാന പ്രദേശങ്ങളാണ്. ഉത്തരഭാഗത്തു പ്രവിശാലമായ മണലാരണ്യമാണ്. അതാണ് കസാഖിസ്താൻ. കിഴക്കുഭാഗത്ത് ഖർഗീസ് വംശജരുള്ളതിനാൽ കഖർഗീസിയ എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇതിന്റെ തെക്കു ഭാഗത്ത് താജികിസ്താനും കിഴക്കുഭാഗത്ത് ചൈനയിലെ സിൻജിയാങ്ങും നിലകൊള്ളുന്നു. ബുഖാറയുടെ തെക്കു പടിഞ്ഞാറുഭാഗത്ത് തുർക്കുമാനിസ്താനാണ്. ഖാസിഖിസ്താൻ പടിഞ്ഞാറുഭാഗത്ത് ഖാസിമീൻ എന്ന പേരിൽ വിശാലമായ കായലുണ്ട്. അതിന്റെ പടിഞ്ഞാറൻ തീരത്ത് അസർ ബൈജാനും താജികിസ്താനും ചെച്നിയയും സ്ഥിതി ചെയ്യുന്നു.

### ഉസ്ബക്കിസ്ഥാൻ

പ്രവിശാലമായ ഈ പ്രദേശങ്ങളിലെ യാത്രാ വിവരണത്തിന്റെ കേന്ദ്രസ്ഥാനം ബുഖാറയും അതടങ്ങുന്ന ഉസ്ബക്കിസ്ഥാനുമാണ്. അവിടുത്തെ പ്രസിദ്ധ സ്ഥലങ്ങളാണ് ഫർഗാന, മുർഗീൻ, നംനകാൻ, അന്ദ്ജാൻ, ഖജന്ദ്, കാനൂലൗഖന്ദ് എന്നിവ. ഈ നാട്ടുകാർ റഷ്യൻ സാമ്രാജ്യത്തോട് പോരാടി ഇസ്‌ലാമിക സംസ്കാരം നിലനിർത്താൻ പരിശ്രമിച്ചു. ഇന്നും അവിടെ ഇസ്‌ലാമിന്റെ സാന്നിദ്ധ്യം ഏറെ പ്രകടമാണ്. ദീനീ മദാരിസ്, മകാത്തിബുകളും പണ്ഡിതരും ധാരാളമുണ്ട്. ഇതിലെ ഫർഗാനയിലാണ്. തൈമൂറും ബാബറും ജനിച്ചത്. ബാബർ ഇന്ത്യയിലെത്തി

യതും ക്രിസ്താബ്ദം 1857 വരെ നീണ്ടുനിന്ന മുസ്ലിം ഭരണത്തിന് തുടക്കം കുറിച്ചതും ഇവിടെ നിന്നാണ്. ഉസ്ബക് സംസ്കാരങ്ങളുമായി പലവിധത്തിലും മുഗൾശൈലികൾക്ക് സാദൃശ്യമുണ്ട്. താജ്മഹൽ അതിനൊരു മാതൃകയാണ്.

ഫർഗാനയുടെ വടക്കുപടിഞ്ഞാറൻ ഭാഗത്തുള്ള ഒരു പ്രദേശമാണ് ശാശ്. താഷ്കന്ദ് എന്നാണ് ഇന്നിത് അറിയപ്പെടുന്നത്. റഷ്യൻ ഭരണകൂടം രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി ഈ നാട്ടിൽ ഏറെ പരിഷ്കരണപ്രവർത്തനങ്ങൾ നടത്തുകയും അവരുടെ കേന്ദ്രമാക്കുകയും ചെയ്തു. ഇന്നിവിടെ റഷ്യക്കാർ ധാരാളമുണ്ട്. ഉസ്ബക്കിസ്ഥാന്റെ തലസ്ഥാനമായ ഈ പ്രദേശവും ഇസ്ലാമിക ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്നതാണ്.

ശാശ് (താഷ്കന്ദ്) ന്റെ വടക്കുഭാഗത്തുള്ള കാസാൻ, ഫാറാബ് മുതലായ സ്ഥലങ്ങളും പ്രാധാന്യമർഹിക്കുന്നവയാണ്. അവിടത്തുകാരായിരുന്ന പണ്ഡിത പടുക്കളുടെ വൈജ്ഞാനിക സേവനങ്ങൾ ഇന്നും ഏറെ പ്രയോജനപ്പെടുന്നു. ഫർഗാനയുടെ തെക്ക് ഭാഗത്ത് സഗാനിയാൻ എന്ന ഒരു പ്രദേശമുണ്ട് അതിലെ ജൈഹൂൻ നദീതീരത്തുള്ള തിർമിദ് എന്ന പട്ടണമാണ് ഇമാം തിർമിദിയുടെ നാട്. അതിന് തെക്ക് ഭാഗത്താണ് ബൽഖ്, ഗസ്നി എന്നീ പട്ടണങ്ങൾ. ഉസ്ബക്കിസ്ഥാന്റെ മദ്ധ്യഭാഗത്താണ് ബുഖാറയും സമർഖന്ദും നിലകൊള്ളുന്നത്. ഈ പ്രദേശത്തിന് സഗദ് എന്ന് പറയപ്പെടുന്നു. സമർക്കന്ദിൽ നിന്നും ബുഖാറയിലേക്ക് ഒഴുകുന്ന ഒരു നദിയുണ്ട്. സറഫ്ശാൻ എന്നാണ് അതിന്റെ പേര്.

## സൈഹൂൻ – ജൈഹൂൻ

ഉസ്ബക്കിസ്ഥാനിൽ ചെറുതും വലുതുമായ നിരവധി നദികളുണ്ട്. അതിലേറ്റവും പ്രാധാന്യമർഹിക്കുന്ന രണ്ട് നദികളാണ് സൈഹൂനും ജൈഹൂനും. സൈഹൂൻ ഉസ്ബക്കിസ്ഥാന്റെ കിഴക്കൻ അതിർത്തിയിൽ നിന്നും വടക്കൻ അതിർത്തിയിലേക്ക് ഒഴുകി. ഖാസിഖിസ്ഥാൻ വഴി പടിഞ്ഞാറുഭാഗത്തുള്ള അവ്റാൽ സമുദ്രത്തിൽ ചേരുന്നു. ജൈഹൂൻ ഉസ്ബക്കിസ്ഥാന്റെ തെക്കൻ അതിർത്തിയിലൂടെ പടിഞ്ഞാറുഭാഗത്തേക്ക് ഒഴുകുന്നു. ഉസ്ബക്കിന്റെ തെക്ക് പടിഞ്ഞാറൻ അതിർത്തി ഈ നദിയാണ്. ഇക്കാരണത്താലാണ് ഉസ്ബക്കിനും അനുബന്ധ പ്രദേശങ്ങൾക്കും 'മാവറാഅന്നഹ്ർ' (നദിയുടെ പിന്നിൽ) എന്ന് പറയപ്പെടുന്നത്. അതിന്റെ തെക്ക് ഭാഗത്ത് തുർക്കുമാനിസ്ഥാനും ഇറാനും അഫ്ഗാനിസ്ഥാനും സ്ഥിതി ചെയ്യുന്നു. പണ്ട് ഈ പ്രദേശത്തിന് ഖുറാസാൻ എന്നാണ് പറ

ഞ്ഞിരുന്നത്. സൈഹൂൻ- ജൈഹൂൻ നദികളിലൂടെ ഉസ്ബക്കിസ്ഥാന്റെ ഉത്തര-ദക്ഷിണ ഭാഗങ്ങളിലെ ഒട്ടേറെ സ്ഥലങ്ങളിൽ ജലസേചനം ലഭിക്കുന്നു. ഇക്കാരണത്താൽ ഈ രാജ്യത്തിന്റെ മദ്ധ്യഭാഗത്ത് ധാന്യങ്ങളും പഴവർഗ്ഗങ്ങളും ധാരാളമായി ഉണ്ടാകുന്നു. പരുത്തിയും സമൃദ്ധമായി വിളയുന്നുണ്ട്. 1981 ലെ കണക്കനുസരിച്ച് പന്ത്രണ്ടര ലക്ഷം ടൺ ധാന്യവും ഏഴ് ലക്ഷം ടൺ പഴവും മൂന്നേകാൽ ലക്ഷം ടൺ പഞ്ഞിയും മൂന്നര ലക്ഷം ടൺ പച്ചക്കറിയും ഇവിടെ ഉൽപ്പാദിപ്പിക്കപ്പെട്ടു.

## മരുപ്രദേശം

സൈഹൂൻ ചെന്ന് ചേരുന്ന അവ്റാൽ സമുദ്രത്തിന്റെ ദക്ഷിണ തീരത്തുള്ള പ്രദേശമാണ് ഖവാറസം. ഖൈവ, സമഖ്ശർ എന്നിവ അതിലെ പ്രസിദ്ധ പട്ടണങ്ങളാണ്. ഈ സമുദ്രത്തിന് ചുറ്റുഭാഗത്തായി മഴ കിട്ടാത്തതും ജല ലഭ്യതയില്ലാത്തതുമായ മരുഭൂമി പോലെയുള്ള കുറെ പ്രദേശങ്ങളുണ്ട്. പക്ഷെ അവിടുത്തെ ജലക്ഷാമം നദികളിൽ നിന്നുള്ള ജലസേചനത്തിലൂടെ പരിഹൃതമാകുന്നു. ചില സ്ഥലങ്ങളിൽ മഞ്ഞുകട്ട ഉരുക്കിയുണ്ടാക്കുന്ന ജലവും ഉപയോഗിക്കാറുണ്ട്.

## ചരിത്ര സ്ഥലങ്ങൾ

ഉസ്ബക്കിസ്ഥാനിലെ അതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളും ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളാണ്. ബൽക്ക്, ബദഖ്ശാൻ, മർവ്, സർഖസ്, നൈസാബൂർ എന്നിവ അതിൽ പെടുന്നു. ഈ നാടുകളിൽ പ്രഗത്ഭരും പ്രശസ്തരുമായ നിരവധി പണ്ഡിതർ ജന്മം കൊണ്ടിട്ടുണ്ട്.

ഉപരിസൂചിത പ്രദേശങ്ങൾ ഒരു കാലത്ത് ദീനിന്റെയും ഇൽമിന്റെയും കേന്ദ്രമായിരുന്നു. ഈ അവസ്ഥ പിൽക്കാലത്തും നിലനിന്നു. കമ്മ്യൂണിസ്റ്റ് ഭരണം അത് പരിപൂർണ്ണമായി തുടച്ച് നീക്കാൻ പാടുപെടുകയും ബാഹ്യമായി അതിൽ വിജയിക്കുകയും ചെയ്തെങ്കിലും അത് താൽക്കാലികം മാത്രമായിരുന്നു.

## സാമൂഹ്യ പ്രത്യേകതകൾ

ഉസ്ബക്കിസ്ഥാനിലും അതിനു ചുറ്റുമുള്ള രാജ്യങ്ങളിലും ഒരേ വംശവും ഭാഷയുമാണ്. എല്ലാവരും മുസ്ലിംകളും താർത്താരി വംശജരുമാണ്. ഇറാൻ അടുത്ത് കിടക്കുന്നതിനാൽ ഫാരിസി ഭാഷയുടെ സ്വാധീനം കാണാൻ കഴിയും. എഴുപത്തിയഞ്ച് വർഷം നിലനിന്ന റഷ്യൻ ആധിപത്യം കാരണം ചിലയിടങ്ങളിൽ മുസ്ലിം ശതമാനം എൺപതും എഴുപതുമായി ചുരുങ്ങിയിട്ടുണ്ട്.

## ഇമാം ബുഖാരിയുടെ അനുഗ്രഹീത സ്മരണയ്ക്ക് മുന്നിൽ

ഇസ്ലാമിക സേവന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന ഒരു സ്ഥാപനമാണ് ഓക്സ്ഫോർഡിലെ ഇസ്ലാമിക് സെന്റർ ഇമാം ബുഖാരിയുടെ അന്ത്യ വിശ്രമസ്ഥലമായ സമർഖന്ദിൽ ഒരു വലിയ മദ്റസയും മസ്ജിദും നിർമിക്കാൻ സെന്റർ തീരുമാനിച്ചു. ഇതിന്റെ തുടക്കമെന്നോണം ഉസ്ബക്കിസ്ഥാൻ ഗവൺമെന്റിന്റെ സഹകരണത്തോടെ സമർഖന്ദിൽ ഒരു സെമിനാർ സംഘടിപ്പിച്ചു. അതിൽ പങ്കെടുക്കാനുള്ള ക്ഷണം ഈ വിനീതന് ലഭിച്ചു. അങ്ങനെ അവിടെ പോകാനും പ്രധാന സ്ഥലങ്ങളിൽ താമസിക്കാനും ജനങ്ങളുമായി ഇടപഴകാനും പുരാതന സ്ഥലങ്ങൾ സന്ദർശിക്കാനും അവസ്ഥകൾ മനസ്സിലാക്കാനും അവസരമുണ്ടായി.

സെമിനാറിൽ പങ്കെടുക്കാൻ പ്രതിനിധികളുടെ ധാരാളം ഗ്രൂപ്പുകൾ ഇന്ത്യയിൽ നിന്ന് തന്നെയുണ്ടായിരുന്നു. ഞങ്ങളുടെ ഗ്രൂപ്പിൽ മൗലാനാ അബുൽ ഹസൻ അലി നദ്‌വിയും ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ അദ്ധ്യക്ഷൻ മൗലാനാ സയ്യിദ് അസ്അദ് മദനിയും ഉണ്ടായിരുന്നു. ഡൽഹിയിൽ നിന്ന് ഞങ്ങൾ താഷ്ഖന്ദിലേക്ക് ഉസ്ബക്കിസ്ഥാൻ എയർ ലൈൻസിന്റെ വിമാനത്തിൽ യാത്ര തിരിച്ചു. വിമാനം പാകിസ്ഥാനും ഉത്തര അഫ്ഗാനിസ്ഥാനും മുകളിലൂടെ പറന്നു. ഇവിടെ നിന്നും പശ്ചിമ ഭാഗത്തേക്ക് ഹിമാലയവും പൂർവ്വ ഉത്തരഭാഗങ്ങളിലേക്ക് ഇതര മലനിരകളും നീണ്ട് കിടക്കുന്നതിനാൽ ഈ സ്ഥലത്തിന് പാമീർ (പർവ്വതങ്ങളുടെ കേന്ദ്രം) എന്ന് പറയുന്നു. താഴ്ഭാഗത്തേക്ക് നോക്കിയപ്പോൾ പർവ്വതങ്ങൾ വളരെ ദൂരത്തിൽ തിരമാലകളെ പോലെ കാണപ്പെട്ടു. മൂന്ന് മണിക്കൂർ കഴിഞ്ഞപ്പോൾ വിമാനം താഷ്ഖന്ദ് വിമാനത്താവളത്തിൽ ഇറങ്ങി. പൗരാണികവും ഇറാനിയൻ മാതൃകയിലുള്ളതുമാണ് താഷ്ഖന്ദ് എയർപോർട്ട്. വിദേശ സർവ്വീസുകൾ കുറവായതിനാലായിരിക്കാം അവിടെ തിരക്ക് കുറവായിരുന്നത്. ആതിഥേയർ ഞങ്ങളെ സ്വീകരിച്ചു. വിദേശ അതിഥികൾ മാത്രം താമസിക്കുന്ന ഏറ്റവും വലിയ ഹോട്ടലായ ഉസ്ബക്കിസ്ഥാൻ ഹോട്ടലിൽ ഞങ്ങളെത്തി. വിശ്രമത്തിന് ശേഷം ഒരു ചെറിയ വിമാനത്തിൽ സമർഖന്ദിലേക്ക് ഞങ്ങൾ യാത്ര തിരിച്ചു . മഗ്രിബിന് ശേഷം അവിടെയെത്തിച്ചേർന്നു. ഗവൺമെന്റ് ഗസ്റ്റ് ഹൗസിലായിരുന്നു താമസം.

ഇമാം ബുഖാരി (റഹ്) യുടെ സ്മരണാർത്ഥം നിർമ്മിക്കുന്ന മസ്ജിദിനും മദ്റസയ്ക്കും വേണ്ടി മഹാന്മാരുടെ അന്ത്യവിശ്രമസ്ഥലമായ ഖർത്തങ്കിനെയാണ് തിരഞ്ഞെടുത്തത്. ഞങ്ങൾക്കവിടെയും പോകാൻ

അവസരമുണ്ടായിരുന്നെങ്കിലും ഇമാം ബുഖാരിയുടെ ജീവിത-സേവന ങ്ങളെ കുറിച്ച് സമർഖന്ദിൽ അടുത്ത ദിവസം തന്നെ 1993 ഒക്ടോബർ 23 നടക്കുന്ന സെമിനാറിന് പങ്കെടുക്കേണ്ടതുണ്ടായിരുന്നു.

## ഉദ്ഘാടന സമ്മേളനം

സെമിനാറിന്റെ ഉദ്ഘാടന ചടങ്ങിൽ ഇസ്ലാമിക് കോൺഫറൻസ് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ഹാഫിൽ ഗാമിദ്, സൗദി അറേ ബ്യയിലെ മജ്ലിസെ ശൂറാ ഉപാദ്ധ്യക്ഷൻ ഡോക്ടർ അബ്ദുല്ലാഹ് ഉമർ നസ്വീഫ്, ഉസ്ബക്കിസ്ഥാൻ ഉപപ്രധാനമന്ത്രി ബ്രൂണായ്, വിദ്യാഭ്യാസ മന്ത്രി അബ്ദുൽ അസീസ്, ഓക്സ്ഫോർഡ് ഇസ്ലാമിക് സെന്റർ അദ്ധ്യ ക്ഷൻ മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി. ഡയറക്ടർ ഫർഹാ നിസാമി എന്നിവർ സദസ്സിനെ സംബോധന ചെയ്തു. ഖത്ത റിലെ ഇദാറഃ ഇഹ്‌യാഉസ്സുന്ന ചെയർമാൻ ശൈഖ് യൂസുഫുൽ ഖർദാ വി, റാബിത്വതുൽ ആലമിൽ ഇസ്ലാമീ സെക്രട്ടറി ശൈഖ് അമീൻ അഖീൽ അത്താസ്, സിറിയയിലെ പ്രധാന പണ്ഡിതൻ അല്ലാമാ, അബ്ദുൽ ഫത്താഹ് അബൂഗുദ്ദാ എന്നിവർ സ്റ്റേജിലുണ്ടായിരുന്നു. ഉസ്ബക്കിസ്ഥാൻ പ്രസിഡന്റ് ഗരീഷ്മോവിന്റെ സന്ദേശം സദസ്സിൽ വായിക്കപ്പെട്ടു. പ്രാസംഗികരെല്ലാം ഇമാം ബുഖാരിയുടെ സ്മരണാർത്ഥം നിർമ്മിക്കപ്പെടുന്ന സ്ഥാപനത്തെ കുറിച്ച് വാഴ്ത്തി പറഞ്ഞു. ഉസ്ബക്കി സ്ഥാൻ, ബ്രൊണായ് ഗവൺമെന്റുകൾ നിർമാണത്തിൽ സഹകരിക്കാൻ തയ്യാറായി.

കെട്ടിടത്തിന് വേണ്ടി അന്താരാഷ്ട്ര പ്രസിദ്ധിയുള്ള നിരവധി എഞ്ചിനീയർമാർ പ്ലാനുകൾ തയ്യാറാക്കിയിരുന്നു. അവ പരിശോധിച്ച് ഒന്ന് തെരഞ്ഞെടുക്കാൻ ഒരു കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിരുന്നു. അവ യിൽ, ജർമനിയിലെ ഡോക്ടർ ബോദുറാമിസ് തയ്യാറാക്കിയ പ്ലാൻ കമ്മിറ്റി സ്വീകരിച്ചതായി അറിയിച്ചു. മസ്ജിദ്, പാഠശാല, ഗവേഷണ കേന്ദ്രം, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള താമസ സൗകര്യം എന്നിവ യടങ്ങിയ ഒരു പ്ലാനായിരുന്നു അത്. തുടർന്ന് ഡോക്ടർ ബോദുറാമി നും ഇതര പ്ലാനുകൾ തയ്യാറാക്കിയ വ്യക്തികൾക്കും പാരിതോഷികങ്ങൾ വിതരണം ചെയ്തു. ഉദ്ഘാടന പരിപാടിക്ക് ശേഷം സെമിനാറിന് തുട ക്കമായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രധാന ഗവേഷണ പണ്ഡിതർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഇത് നാല് സെക്ഷനുകളിലായി പൂർത്തിയായി. രണ്ടാം ദിവസം ഒക്ടോബർ 24 ന് സമാപന സമ്മേളനം നടന്നു. സെമിനാറിൽ മേൽ വ്യക്തിത്വങ്ങളെ കൂടാതെ ഇന്ത്യയിൽ നിന്നും പ്രൊഫസർ ഖലീഖ് അഹ്‌മദ് നിസാമി

(അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ, മൗലാനാ സയ്യിദ് അസ്അദ് മദനി (ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് അദ്ധ്യക്ഷൻ) മൗലാനാ മുഹമ്മദ് സാലിം ഖാസിമി, മൗലാനാ സുഫ്യാൻ ഖാസിമി, മൗലാനാ സഈദ് അഹ്മദ് പാലൻപൂരി, മൗലാനാ മുഹമ്മദ് നാസിർ നദ്‌വി, മൗലാനാ സൽമാൻ ഹസനി, ഈ വിനീതൻ എന്നിവരും പാകിസ്ഥാനിൽ നിന്ന് മൗലാനാ സലീമുല്ലാഹ് (ശൈഖുൽ ഹദീസ്) മൗലാനാ മുഹമ്മദ് ആദിൽ (ജാമിഅ ഫാറൂഖിയ, കറാച്ചി) ഇമാറാത്തിൽ (യു.എ.ഇ)ൽ നിന്നും അജാജ് ഖതീബ്, കുവൈറ്റിൽ നിന്ന് ഡോക്ടർ തഹാൻ, മലേഷ്യയിൽ നിന്ന് അഹ്മദ് ഫഹ്മി നദ്‌വി, ദക്ഷിണാഫ്രിക്കയിൽ നിന്ന് ശൈഖ് ആലി ആദം നദ്‌വി എന്നിവർ പ്രധാനമായും പങ്കെടുത്തു. വിവിധ രാജ്യങ്ങളിൽ നിന്നും ധാരാളം പണ്ഡിത മഹത്തുക്കൾ പ്രതിനിധികളായും ഉണ്ടായിരുന്നു. പന്ത്രണ്ടിലേറെ പണ്ഡിതർ ഉസ്ബക്കിസ്ഥാനിൽ നിന്നുള്ളവരായിരുന്നു എന്നത് ഏറെ സന്തോഷമുണ്ടാക്കുന്നതായിരുന്നു. തൊണ്ണൂറ് പേർ പ്രബന്ധം അവതരിപ്പിച്ചു. ഇമാം ബുഖാരിയുടെ ജീവിതം, സേവനങ്ങൾ, സ്വഹീഹുൽ ബുഖാരിയുടെ പ്രത്യേകതകൾ തുടങ്ങിയവയായിരുന്നു വിഷയങ്ങൾ. വളരെ വിജ്ഞാനപ്രദവും ചിന്താർഹവുമായിരുന്നു പരിപാടികൾ. മൗലാനാ സയ്യിദ് അബുൽ ഹസൻ നദ്‌വിയുടെ ദുആയോടെ പരിപാടി അവസാനിപ്പിച്ചു. ഉദ്ഘാടന സമാപന സദസ്സുകളിൽ ഉസ്ബക്കിസ്ഥാനിലെ പ്രഥമ ഉപപ്രധാന മന്ത്രിയും പ്രധാന അതിഥികളും പങ്കെടുത്തു. ഓക്സ്ഫോർഡ് ഇസ്ലാമിക് സെന്റർ ചെയർമാൻ കൂടിയായ സയ്യിദ് അബുൽ ഹസൻ നദ്‌വി ഉദ്ഘാടന സമ്മേളനത്തിൽ നടത്തിയ പ്രസംഗം ഏറെ ശ്രദ്ധിക്കപ്പെട്ടു.

## മൗലാനാ നദ്‌വിയുടെ പ്രഭാഷണം

ഓക്സ്ഫോർഡ് ഇസ്ലാമിക് സെന്റർ മുന്നോട്ട് വച്ച ഈ ബൃഹത്തായ പദ്ധതിയുടെ ലക്ഷ്യവും ശൈലിയും വ്യക്തമാക്കിക്കൊണ്ട് മൗലാനാ പറഞ്ഞു. "ഇമാം ബുഖാരി എന്ന മഹാ പുരുഷനുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതി നാം ആരംഭിച്ചിരിക്കുന്നത്. അതുകൊണ്ട് അതിന്റെ ആത്മാവും പ്രകൃതവും മഹാനവർകളുമായി യോജിപ്പുള്ളതായിരിക്കണം. മഹാനായ രണ്ടാം ഖലീഫ ഉമറുൽ ഫാറൂഖ് (റ) നിവേദനം ചെയ്ത പ്രസിദ്ധമായ ഹദീസുകൊണ്ടാണ് അദ്ദേഹം അൽജാമിഉസ്സഹീഹ് എന്ന പേരിലുള്ള ബുഖാരി ശരീഫ് ആരംഭിച്ചിരിക്കുന്നത്. മുഴുവൻ കർമങ്ങളുടെയും അടിസ്ഥാനം നിയ്യത്ത് ആണെന്നും ഓരോ കർമത്തിനും ലക്ഷ്യമിടുന്നത് പടച്ചവന്റെ പൊരുത്തമാണെങ്കിൽ അതും ഭൗതിക താൽപര്യമാണെങ്കിൽ അതും, നൽകപ്പെടുന്നതാണെന്ന് ഈ

ഹദീസ് ഉണർത്തുന്നു. അതുകൊണ്ട് പടച്ചവന്റെ പൊരുത്തത്തിന് വേണ്ടി അദ്ദേഹം ഗ്രന്ഥം രചിച്ചതുപോലെ പടച്ചവന്റെ പൊരുത്തത്തിന് വേണ്ടി മാത്രമായിരിക്കണം നാമും ഈ പദ്ധതിയുമായി മുന്നോട്ട് പോകേണ്ടത്. ഇപ്രകാരം ആഴം നിറഞ്ഞ ഒരു ഹദീസാണ് ഈ ഗ്രന്ഥത്തിന്റെ സമാപനത്തിൽ മഹാനവർകൾ കൊടുത്തിരിക്കുന്നത്. ഒരു അടിമ അല്ലാഹുവുമായി അടിമത്തത്തിന്റെ ബന്ധം നിരന്തരം പുലർത്തണമെന്നും അല്ലാഹുവിന്റെ സ്മരണയിലും സ്തുതികീർത്തനങ്ങളിലും സദാ മുഴുകണമെന്നും ആ ഹദീസ് നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് നമ്മുടെ ഈ പദ്ധതിയുടെ അകവും പുറവും മഹാനുഭാവന് അനുസൃതമായിരിക്കണം. സ്മാരകങ്ങൾ നിർമിക്കുമ്പോൾ ഇന്ന് കാണപ്പെടാറുള്ള ഭൗതിക താൽപര്യങ്ങൾ, പേര്, പെരുമ, ലോകമാന്യത എന്നിവയിൽ നിന്നും നമ്മുടെ ഈ പദ്ധതി പരിശുദ്ധമായിരിക്കണം". മൗലാനയുടെ പ്രഭാഷണം ആദരവോടെ ശ്രവിക്കപ്പെട്ടു. അതെല്ലാവരിലും വലിയ പ്രതിഫലനമുളവാക്കി. പദ്ധതിയുടെ ലക്ഷ്യവും മാർഗവുമായി അത് സ്വീകരിക്കപ്പെട്ടു.

## സ്മാരകത്തിന്റെ സ്ഥലം

കോൺഫറൻസിന് ശേഷം സ്ഥാപനത്തിനായി നിശ്ചയിക്കപ്പെട്ട സ്ഥലം സന്ദർശിക്കാൻ സൗകര്യം ലഭിച്ചു. സമർഖന്ദിൽ നിന്നും മുപ്പത് കിലോമീറ്റർ ദൂരത്തിലുള്ള ഖർത്തങ്ക് എന്ന ഒരു ഗ്രാമത്തിലാണ് ഇമാം ബുഖാരി (റഹ്) തന്റെ അവസാന നാളുകൾ കഴിച്ചുകൂട്ടിയത്. ഇവിടെ നിന്നും ഇമാം ബുഖാരിയുടെ ജന്മസ്ഥലമായ ബുഖാറയിലേക്ക് 275 കിലോമീറ്റർ ദൂരമുണ്ട്. ഇമാം ബുഖാരി (റഹ്) തന്റെ അവസാന കാലത്ത് നാട്ടിൽ നിന്നും സമർഖന്ദിലേക്ക് വരികയായിരുന്നു. വഴിയിൽ ഖർത്തങ്കിലെത്തിയപ്പോൾ അവിടെയുള്ള ബന്ധുക്കളോടൊപ്പം ഏതാനും ദിവസം താമസിക്കാൻ തീരുമാനിച്ചു. പക്ഷെ അധികം കഴിയും മുമ്പേ അവിടെവെച്ച് മഹാനവർകൾ മരണപ്പെട്ടു.

സമർഖന്ദ്- ബുഖാറ ഹൈവേയിലാണ് ഖർത്തങ്ക് സ്ഥിതി ചെയ്യുന്നത്. വൃത്തിയും വെടിപ്പും ലാളിത്യവുമുള്ള കൊച്ചു ഗ്രാമം. ഇവിടെയാണ് ഇമാം ബുഖാരി (റഹ്) അന്ത്യവിശ്രമം കൊള്ളുന്നത്. അതിനടുത്ത് തന്നെ ഒരു ചെറിയ മസ്ജിദും മക്തബും ഉണ്ട്. പുതിയ പദ്ധതി പ്രകാരമുള്ള കെട്ടിടങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്നത് ഇവിടെയാണ്. ഞങ്ങൾ അവിടെ എത്തിച്ചേർന്നപ്പോൾ ഗ്രാമീണർ അത്യന്തം സ്നേഹാദരവോടുകൂടി ഞങ്ങളെ സ്വീകരിച്ചു. അതിഥികളെ കാണാൻ അവർ മസ്ജിദിൽ തടിച്ചുകൂടി. ഈ അവസരം പ്രയോജനപ്പെടുത്തിക്കൊണ്ട്

മൗലാനാ അബുൽ ഹസൻ അലി നദ്‌വി, ശൈഖ് അബ്ദുൽ ഫത്താഹ്, ശൈഖ് അജാജ്, ഉസ്ബക്കിസ്ഥാനിലെ ദീനീ കാര്യങ്ങളുടെ തലവൻ ഷൈഖ് മുഖ്താർ ഉമർ എന്നിവർ ജനങ്ങളോട് സംസാരിച്ചു. ശൈഖ് മുഖ്താറിന്റേതൊഴികെ മറ്റെല്ലാവരുടെയും പ്രസംഗങ്ങൾ ഉസ്ബക് ഭാഷയിൽ തർജ്ജുമ ചെയ്യപ്പെട്ടു.

## ഇമാം ബുഖാരിയുടെ വ്യക്തിത്വം

ലാളിത്യവും ഗാംഭീര്യവും ചിന്തയും ഒത്തുചേർന്ന ഈ അമൂല്യ നിമിഷങ്ങളിൽ ഇമാം ബുഖാരി (റഹ്) യുടെ മഹത്തായ വ്യക്തിത്വം ഞങ്ങളുടെ മനസ്സുകളിൽ നിറഞ്ഞ് നിന്നു. മുഹമ്മദ് എന്ന് പേരുള്ള ഇമാം അബു അബ്ദില്ലാഹ് മുഹമ്മദ്ബ്നു ഇസ്മാഈൽ ജുഅ്ഫി ബുഖാരി (റഹ്) തന്റെ പത്താമത്തെ വയസ്സിൽ ഇൽമ് തേടിയുള്ള യാത്രയും പരിശ്രമവും ആരംഭിച്ചു. ലോകത്തിലെ വൈജ്ഞാനിക കേന്ദ്രങ്ങളിൽ യാത്ര ചെയ്തെത്തിയ അദ്ദേഹം സ്വഹീഹായ ഹദീസുകൾ ശ്രവിക്കുകയും ഹൃദ്യസ്ഥമാക്കുകയും ചെയ്തു. അപാരമായ ഓർമശക്തിയിലൂടെ പരിശുദ്ധ ഹദീസിന്റെ വലിയൊരു സമാഹാരം തന്റെ മനസ്സിൽ അദ്ദേഹം ഒരുമിച്ചുകൂട്ടി. തികഞ്ഞ സൂക്ഷ്മതയോടെ അതിൽ നിന്നും വളരെ ഉറപ്പായ ഹദീസുകൾ മാത്രം തിരഞ്ഞെടുത്ത് അൽജാമിഉസ്സ്വഹീഹ് തയ്യാറാക്കി. പരിശുദ്ധ ഖുർആനിന് ശേഷം ഏറ്റവും കൂടുതൽ ആധികാരികതയുള്ള ഗ്രന്ഥമാണിത്. ലോകത്തുള്ള ഉന്നതമായ എല്ലാ ദീനീ സ്ഥാപനങ്ങളിലും ഇസ്‌ലാം മതത്തിന്റെ അടിസ്ഥാനമായി ഈ ഗ്രന്ഥം പഠിപ്പിക്കപ്പെടുന്നു. അതിലൂടെ ലോകാവസാനം വരെ മഹാനവർകളുടെ മഹത്തായ വ്യക്തിത്വം മുസ്‌ലിം മനസ്സുകളുമായി കണ്ണിചേർക്കപ്പെടുന്നു.

## സമർഖന്ദ്

ഇസ്‌ലാമിക ചരിത്രത്തിൽ തുടക്കം മുതലേ പ്രാധാന്യമർഹിക്കുന്ന പട്ടണമാണ് സമർഖന്ദ്. തൈമൂറിന്റെ ഭരണസിരാ കേന്ദ്രമായിരുന്ന ഇവിടെത്തന്നെയാണ് അദ്ദേഹത്തിന്റെ ഖബ്‌റുമുള്ളത്. തിരുനബി (സ) യുടെ പിതൃവ്യപുത്രനായ ഖുസ്മുബ്നു അബ്ബാസ് (റ) ന്റെ അന്ത്യവിശ്രമസ്ഥലവും സമർഖന്ദിൽ തന്നെയാണ്. ഖുസ്മ് (റ) ജിഹാദിനായി മുസ്‌ലിംകളോടൊപ്പം ഇവിടെയെത്തി. അല്ലാഹുവിന്റെ മാർഗത്തിൽ അടരാടിക്കൊണ്ട് തന്നെ തന്റെ ജീവിതത്തിന് അദ്ദേഹം അവിടെ വെച്ച് സമാപ്തി കുറിച്ചു. ഷാഹ് സാദാ എന്നാണ് മഹാനവർകളുടെ മഖ്ബറയുടെ പേര്. നഖ്ശബന്ദീ ത്വരീഖത്തിന്റെ ഏറ്റവും വലിയ മഹാനായ ഖാജാ ഉബൈദുല്ലാഹ് അഹ്‌റാറിന്റെ മഖ്ബറയും സമർഖന്ദിലാണ് ഉള്ളത്. അവിടെ

നിന്നും അൽപം മാറി ഒരു മദ്റസയും മസ്ജിദും ഉണ്ട്. തൈമൂർ രാജവംശത്തിലെ പ്രധാന ഭരണാധികാരിയും ഗോളശാസ്ത്രത്തിലും ഇതര വൈജ്ഞാനിക വിഷയങ്ങളിലും അഗ്രഗണ്യനുമായിരുന്ന സുൽത്താൻ അൽഗ് ബേഗിന്റെ വളരെ വിശാലമായ മദ്റസയും സമർഖന്ദിലുണ്ട്. അപൂർവ്വമായ കൊത്തുപണികളുള്ള വിവിധ കെട്ടിടങ്ങളുള്ള പ്രസ്തുത മദ്റസ ഇന്നും ഗാംഭീര്യവും സൗന്ദര്യവുമുള്ള ഒരു ജാമിഅ ആണെന്ന് പുറത്ത് നിന്ന് കണ്ടാൽ തോന്നിപ്പോകും. പക്ഷെ ഇന്ന് ശൂന്യമായി കിടക്കുകയാണത്. അതിനടുത്ത് ശഹാദാർ മുല്ലാ അലിയ്യുൽ ഖാരി എന്നീ പേരുകളിൽ വലിയ രണ്ട് മദ്റസകൾ കൂടിയുണ്ട്. ഇത് രണ്ടും 1650 ലാണ് സ്ഥാപിക്കപ്പെട്ടത്. തരിശ്ശ് ഭൂമിയായതിനാൽ റോഗിസ്ഥാൻ എന്നാണ് ഈ സ്ഥലത്തിന് പറയപ്പെടുന്നത്. ഈ മദ്റസകളിലെല്ലാം വിശാലമായ മസ്ജിദുകളും താമസ സൗകര്യങ്ങളുമുണ്ട്. എന്നാൽ ശൂന്യമായി കിടക്കുന്ന ഈ സ്ഥലങ്ങൾ ടൂറിസ്റ്റുകൾ രസത്തിന് വേണ്ടി സന്ദർശിച്ചുകൊണ്ടിരിക്കുന്നു.

## ബുഖാറ

സമർഖന്ദിൽ നിന്നും തെക്ക് പടിഞ്ഞാറ് ഭാഗത്തായി 300 കിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്ന പട്ടണമാണ് ബുഖാറ. ഇവിടെയാണ് ഇമാം ബുഖാരി (റഹ്) ജനിച്ചത്. ഇമാം ബുഖാരി (റഹ്) യുടെ നാട് എന്നത് കൂടാതെ മറ്റ് പല പ്രത്യേകതകളും ഈ പട്ടണത്തിനുണ്ട്. തുർക്കിസ്ഥാനിലെ പ്രധാന മദ്റസകളിലൊന്നായ മദ്റസ അമീർ അറബ് ഇവിടെയാണ്. അതിന്റെ കെട്ടിടങ്ങൾ ഇന്നും ഗാംഭീര്യത്തോടെ തല ഉയർത്തി നിൽക്കുന്നു. ഇമാം ബുഖാരി (റഹ്) ഹദീസിന്റെ ദർസ് നടത്തിയിരുന്ന മസ്ജിദിനടുത്താണ് ഈ മദ്റസ. അന്നത് ചെറുതായിരുന്നു. ശേഷം മദ്റസയോടൊപ്പം അതും വിപുലീകരിച്ചു. വലുപ്പം കാരണമായി മസ്ജിദ് കിലാൻ (വലിയ പള്ളി) എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. തൊണ്ണൂറ്റയ്യായിരം പേർക്ക് നമസ്കരിക്കാൻ സൗകര്യമുള്ള ഗംഭീരമായ മസ്ജിദാണ് ഇത്. റഷ്യയുടെ മതവിരോധം കാരണമായി ഈ മസ്ജിദ് ശൂന്യമായിപ്പോയിരുന്നു. ഇന്ന് വീണ്ടും ഇതിൽ നമസ്കാരം ആരംഭിച്ചെങ്കിലും നമസ്കരിക്കാൻ എത്തുന്നവർ മസ്ജിദിന്റെ ഒരു മൂലയിൽ പോലും തികയില്ല. മസ്ജിദിനും മദ്റസയ്ക്കുമിടയിലാണ് മസ്ജിദിന്റെ മിനാരം. മിനാരാ കിലാൻ (വലിയ മിനാരം) എന്നാണ് അതും അറിയപ്പെടുന്നത്. 48 മീറ്ററാണ് അതിന്റെ ഉയരം. അതിനുള്ളിൽ 108 പടികളുണ്ട്. ഉസ്ബക്കിസ്ഥാനിൽ മസ്ജിദും മിനാരവും വേറെ വേറെയാണ് പണിയപ്പെടുന്നത്. മസ്ജിദ്, മദ്റസകളുടെ ബാഹ്യ ഭാഗം അത്യന്തം സുന്ദരമായ ചി

ങ്ങൾ കൊണ്ട് അലങ്കരിക്കപ്പെടുന്നു. അതിസുന്ദരമായ പുഷ്പം വിടർന്ന് പുഞ്ചിരി തൂകുന്നതുപോലെ.

അമീർ അബ്ദുല്ലാഹ് ശാബിസ്ഥാനി എന്ന ഭരണാധികാരിയാണ് മദ്റസ അമീർ അറബും മസ്ജിദ് മിനാരവും നിർമ്മിച്ചത്. കെട്ടിട നിർമാണത്തിൽ തൽപരനായിരുന്ന ഇദ്ദേഹം കാലഘട്ടത്തിലെ ശാഹ് ജഹാനായി അറിയപ്പെടുന്നു. മദ്റസ അമീർ അറബിൽ 140 മുറികളുണ്ട്. നാല് നിലയാണ്. മുറികൾ ചെറുതും ഭിത്തികൾ വീതിയേറിയതും. ഒരു കാലഘട്ടത്തിൽ വിദ്യാർത്ഥികളെ കൊണ്ട് നിറഞ്ഞ് സജീവമായിരുന്ന മദ്റസ അമീർ അറബ് ഇന്നൊരു ചെറിയ മദ്റസ മാത്രമാണ്. ദീനീ കാര്യങ്ങൾ ഇവിടെ പഠിപ്പിക്കുന്നു. പട്ടണത്തിന്റെ മദ്ധ്യഭാഗത്താണ് ഈ മദ്റസ. പട്ടണത്തിൽ നിന്നും 10 കിലോമീറ്റർ ദൂരത്താണ് നഖ്ഷബന്ദീ ത്വരീഖത്തിന്റെ സ്ഥാപകനും മഹാനുമായ ഖാജാ ബഹാഉദ്ദീൻ നഖ്ഷബന്ദിയുടെ നാട്. അവിടെയും മദ്റസയും ഖാൻഗാഹും (ആത്മീയ ശിക്ഷണ ശാല) അടങ്ങിയ ഒരു കെട്ടിടമുണ്ട്. അതിൽ 40 മുറികളുണ്ട്. തൊട്ടടുത്ത് തന്നെ മസ്ജിദും ഉണ്ട്. ഈ സ്ഥലം ഖസ്റുൽ ആരിഫീൻ എന്നാണ് അറിയപ്പെടുന്നത്. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും മങ്ങാതെ മായാതെ നിൽക്കുന്ന അത്യന്തം സുന്ദരമായ കൊത്തുപണികളുള്ളവയാണ് ഇവിടുത്തെ പഴയ കെട്ടിടങ്ങൾ. ചിലത് ഇന്നും പുതുമയോടെ നിലനിൽക്കുന്നു. കെട്ടിട നിർമാണത്തിൽ മരം ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. മസ്ജിദുകളുടെ തൂണുകൾ പൊതുവെ കൊത്തുപണികളുള്ള മരങ്ങളാണ്.

## ബുഖാറയുടെ ഉജ്ജ്വല ഭൂതകാലം

ഹിജ്റ 2-3 നൂറ്റാണ്ടുകളിൽ തന്നെ ഇസ്‌ലാമിക വിജ്ഞാനങ്ങളുടെ അദ്ധ്യാപന പഠനങ്ങളിൽ പുരോഗതി പ്രാപിച്ച പ്രദേശമാണ് ബുഖാറ. ഈ നൂറ്റാണ്ടുകളിൽ വൈജ്ഞാനിക - സാംസ്കാരിക മേഖലകളിലെ മുസ്‌ലിം ലോകത്തെ എണ്ണപ്പെട്ട പ്രധാന കേന്ദ്രമായി ഇത് മാറി. ബുഖാറയിൽ തന്നെ 250 മദ്റസകളും 350 ൽ ഏറെ മസ്ജിദുകളുമുണ്ടായിരുന്നു. ഇതര ദേശങ്ങളിൽ നിന്നും വിജ്ഞാന ദാഹികൾ ഇവിടെ വരികയും ഇവിടെയുള്ളവർ ഇസ്‌ലാമിക ലോകത്തെ മറ്റ് വൈജ്ഞാനിക കേന്ദ്രങ്ങളിൽ പോകുകയും ചെയ്തിരുന്നു. വിജ്ഞാന സമ്പാദനത്തിനുള്ള യാത്രകൾ അന്നും പ്രചുരപ്രചാരം നേടിയിരുന്നു. മഹാന്മാരുടെ അരികിലേക്ക് ദീൻ പഠിക്കുന്ന വിദ്യാർത്ഥികൾ പറന്ന് വരുമായിരുന്നു. ഈ അവസ്ഥ ഈ നൂറ്റാണ്ടിന്റെ തുടക്കം വരെ നിലനിന്നു.

## താഷ്ഖന്റ്- ശാശ്

സമർഖന്ദിൽ നിന്ന് 400 കിലോമീറ്റർ വടക്ക് കിഴക്ക് സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ പട്ടണമാണ് താശ്ഖന്ദ് (പഴയ ശാശ്). രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി റഷ്യൻ സാമ്രാജ്യം. പണ്ഡിതരുടെ കേന്ദ്രമായിരുന്ന ഈ പട്ടണത്തിന് പ്രത്യേക പ്രാധാന്യം നൽകിയിരുന്നു. ഈ പ്രദേശത്തെ അവർ തലസ്ഥാനമാക്കി. ഇന്നിത് ഉസ്ബക്കിസ്ഥാന്റെ തലസ്ഥാനമാണ്. വളരെ ജനവാസമുള്ള, പുരോഗതി പ്രാപിച്ച പട്ടണമാണിത്. ഭരണകൂടത്തിന്റെ ഓഫീസുകളും റഷ്യൻ സംസ്കാരത്തിന്റെ അടയാളങ്ങളും ധാരാളമുണ്ട്. ഇതര പ്രദേശങ്ങളിൽ ഉള്ളതിനെക്കാൾ കൂടുതൽ റഷ്യക്കാർ ഇവിടെ താമസിക്കുന്നു. അവർ 50 ശതമാനത്തോളം വരും. ഇവിടെയും നിരവധി പൗരാണിക ഇസ്ലാമിക സ്മാരകങ്ങളുണ്ട്. ദീനീ കാര്യങ്ങളുടെ കേന്ദ്രമായ 'മഅ്ഹദുൽ ഇസ്ലാമി' ൽ ബുഖാരിയുടെ പേരിൽ ഗവേഷണ കേന്ദ്രം, വലിയ ഒരു ഗ്രന്ഥാലയം മുതലായവയുമുണ്ട്. നിരവധി മഹാത്മാക്കളുടെ അന്ത്യവിശ്രമസ്ഥലവുമാണത്. വിശിഷ്യാ, തസവ്വുഫിലെ ഇമാമായ ശൈഖ് ഉബൈദുല്ലാ അഹ്റാൻ, ഫിഖ്ഹിലെ ഇമാമായ ഇമാം ശാശി എന്നിവരുടെ മഖ്ബറകളും ഇതര സ്മാരകങ്ങളും അവിടെയുണ്ട്.

## ഫർഗാന

താശ്ഖന്ദിനു തെക്കു കിഴക്കായി സൈഹുൻ നദിയുടെ തീരത്തു സമ്പൽ സമൃദ്ധമായ ഒരു പ്രദേശമുണ്ട്. വാദീ ഫർഗാന' എന്നാണ് ഇതറിയപ്പെടുന്നത്. ഉസ്ബക്കിസ്ഥാന്റെ കിഴക്കേ അതിർത്തിയായ ഖർഗീസിയ വരെ ഇതു പരന്നുകിടക്കുന്നു. നിരവധി പ്രസിദ്ധ സ്ഥലങ്ങളും പണ്ഡിതന്മാരുടെയും വിജ്ഞാനികളുടെയും കേന്ദ്രങ്ങൾ ഇവിടെയുണ്ട്. വിജ്ഞാന സ്നേഹത്താൽ ഇതര പ്രദേശങ്ങളെക്കാൾ കൂടുതൽ ഇസ്ലാമിക പ്രകൃതിയിലും കർമ്മങ്ങളിലും ഉറച്ചവരാണ് ഫർഗാന മുസ്ലിംകൾ.

## പരിസരപ്രദേശങ്ങൾ

ഉസ്ബക്കിസ്ഥാന്റെ പടിഞ്ഞാറുഭാഗത്തുള്ള പ്രാന്തപ്രദേശങ്ങളാണ് അസർബൈജാൻ, ശീശാൻ (ചെച്നിയ), പാകിസ്ഥാൻ, ഖോകാസ് എന്നിവ. ഇവിടങ്ങളിൽ 70-80 ശതമാനവും മുസ്ലിംകളാണ്. കിഴക്കുഭാഗത്തു ചൈനാ അധീനതയിലുള്ള സിംജിയാങ് പ്രദേശത്തും കാശ്ഗർ, യാർഖൻ, ഖതൻ എന്നീ സ്ഥലങ്ങളും മുസ്ലിംഭൂരിപക്ഷമാണ്.

## യുഗപുരുഷന്മാർ, മഹാത്മാക്കൾ

ഉസ്ബക്കിസ്ഥാനും അതിന്റെ പരസരപ്രദേശങ്ങളുമടങ്ങിയ ഈ മേഖലയിൽ ഇസ്ലാമിന്റെ പ്രഥമ-മധ്യയുഗങ്ങളിൽ കണക്കറ്റ മഹാ പുരു

ഷൻമാരും പണ്ഡിതവര്യന്മാരും ഉന്നത രചയിതാക്കളും ഉദിച്ചുയരുകയുണ്ടായി. ഇവിടങ്ങളിൽ നിരവധി മദ്റസകളുണ്ടായിരുന്നു. വിദൂരങ്ങളിൽ നിന്നുപോലും വിദ്യാർത്ഥികൾ ഇവിടെ എത്തി വിജ്ഞാനത്തിന്റെ മധു നുകർന്നിരുന്നു. ഈ മദ്റസ്സകളിൽ ചിലത് ആഗോളവിജ്ഞാന കേന്ദ്രങ്ങളായി മാറി. ഈ നാടുകളിലെ പണ്ഡിത മഹത്തുക്കളുടെ വൈജ്ഞാനിക സാംസ്കാരിക പ്രവർത്തനങ്ങൾ മുസ്ലിം ലോകത്ത് ആകമാനം പ്രഭ പരത്തി.

പുണ്യ ഹദീസിൽ അവഗാഹം നേടിയ ഇമാം ബുഖാരി, ഇമാം തിർമിദി, ഇമാം നസാഈ മുതലായ മഹത്തുക്കൾ ഇവിടെയാണ് ജനിച്ചത്. ഫിഖ്ഹിന്റെ ഉന്നത ഗ്രന്ഥം മബ്സൂത്തിന്റെ രചയിതാവ് ഇമാം സർക്കസി, ഫതാവാ ഖാദീഖാന്റെ മുസ്വന്നിഫ് ഇബ്നു മൻസൂർ, ഇമാം മുർഗീനാനീ, അലാവുദ്ദീൻ സമർഖന്ദി, അബൂബക്ർ ശാശി, മുല്ലാ അലിയ്യുൽ ഖാരി, ഇമാം കാസാനീ, ഇമാം നസഫീ, ഇമാം ദാരിമി ഇവരെല്ലാം ഇവിടത്തുകാരാണ്. ഇബ്നു സീനാ, ഫറാബീ, ഇമാം മാതുരീദീ, അഹ്മദ് ഫർഗാനീ കജന്ദി, സമർഖാനീ, സുൽത്താൻ അൽഗ് ബേഗ് എന്നിവർ ഇവിടെയാണ് ജനിച്ചത്. വ്യാഖ്യാന സാഹിത്യത്തിലെ സമഖ്ശരി, സാഹിത്യത്തിലെ ഖവാറസ്മി, സക്കാക്കി, തഫ്താസാനീ എന്നിവരും തസവ്വുഫിലെ മഹാന്മാരായ ഖാജാ ബഹാഉദ്ദീൻ നഖ്ശബന്ദി, ഖാജാ അഹ്റാർ നജ്മുദ്ദീൻ കുസ്റാ, ഇമാം ഇബ്നു ഹംബൽ, ഇബ്നുൽ മുബാറക്, ഫുദൈലുബ്നു ഇയാള് മുതലായവർ ഈ മണ്ണിൽ ഉദിച്ച മഹാപ്രതിഭകളാണ്.

## മുസ്ലിം അധഃപതനവും ദുരന്തദൃശ്യങ്ങളും

മഹത്തായ ഇസ്ലാമിക സംസ്കാരത്തിന്റെ കേന്ദ്രങ്ങളായിരുന്ന ബുഖാറ, സമർഖന്ദ് പ്രദേശങ്ങൾ നൂറ്റാണ്ടുകളോളം അവയുടെ പാരമ്പര്യം കാത്തുസൂക്ഷിച്ചു. എന്നാൽ, ഒരു ഭാഗത്ത് മുസ്ലിംലോകത്ത് അധഃപതനവും മറുഭാഗത്ത് സാംസ്കാരിക – രാഷ്ട്രീയ മേഖലകളിൽ യൂറോപ്പിന് പുരോഗതിയുമുണ്ടായപ്പോൾ അവസ്ഥ മോശമായി. ഇവിടുത്തെ മുസ്ലിം ഭരണകൂടങ്ങൾ പരസ്പരം ഭിന്നിക്കുകയും പോരടിക്കുകയും ചെയ്തു. ഇതിനിടയിൽ റഷ്യൻ സാമ്രാജ്യം അവരെ കടന്നാക്രമിച്ചു. അവകാശങ്ങൾ നിഷേധിച്ചു. അതിനെതിരേ ധാരാളം പോരാട്ടങ്ങൾ നടന്നു. ഒട്ടേറെ ത്യാഗങ്ങൾക്കു ശേഷം അൽപം ചില സ്വാതന്ത്ര്യങ്ങൾ അവയ്ക്ക് ലഭിച്ചു. പിന്നീട് റഷ്യയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവം അരങ്ങേറി, അവരുടെ ഭരണം നിലവിൽ വന്നു. തുർക്കിസ്ഥാനിലെ മുസ്ലിം പ്രദേശങ്ങൾക്ക് സ്വതന്ത്രമായി നിലനിൽക്കാനുള്ള അവകാശം അവർ അംഗീകരിച്ചുകൊ

ടുത്തു. സാമ്പത്തിക രാഷ്ട്രീയ നേട്ടങ്ങളെ കുറിച്ച് വാഗ്ദാനങ്ങൾ നൽകി റഷ്യ അവരുമായി സൗഹൃദബന്ധം സ്ഥാപിക്കാൻ ശ്രമിച്ചു. പക്ഷെ അവസരം ലഭിച്ചപ്പോൾ കമ്മ്യൂണിസ്റ്റ് ഭരണകൂടം കരാർ ലംഘിച്ചു. സാമ്പത്തിക രാഷ്ട്രീയമേഖലകളിൽ പിരിമുറുക്കി. മതത്തിനെതിരെ ശക്തമായ സമീപനം സ്വീകരിക്കുകയും മതമനുസരിച്ച് ജീവിക്കുന്നതിനെ ബലം പ്രയോഗിച്ച് തടയുകയും ചെയ്തു. മതവുമായുള്ള ബന്ധം കടുത്ത കുറ്റമായി പ്രഖ്യാപിച്ചു.

ബഹുഭൂരിഭാഗം മതകേന്ദ്രങ്ങളും തകർക്കുകയും നിരവധി മസ്ജിദുകൾ പൊളിച്ചുകളയുകയും ചെയ്തു. ഒട്ടേറെ മസ്ജിദുകൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചു. മതകേന്ദ്രങ്ങളിൽ പോകുന്നതും മതവിദ്യാഭ്യാസം നൽകുന്നതും മതപ്രബോധന – പ്രഭാഷണങ്ങൾ നടത്തുന്നതും നിക്കാഹ്, അഖീഖ, ജനാസ നമസ്കാരം പോലുള്ള മത ചടങ്ങുകൾ നടത്തുന്നത് നിരോധിക്കുകയും, ശിക്ഷാർഹമായ കുറ്റമായി പ്രഖ്യാപിക്കുകയും ചെയ്തു. എതിർത്തവരിൽ ഒരു വിഭാഗം വധിക്കപ്പെട്ടു. മറ്റൊരു വിഭാഗം ജയിലറകളിൽ തള്ളപ്പെട്ടു. ഈ പ്രദേശത്ത് നിന്നും മതജീവിതത്തിന്റെ ചിഹ്നങ്ങളെല്ലാം മായ്ക്കപ്പെട്ടു. പുറം ലോകത്തെ കാണിക്കാനും തങ്ങളുടെ അക്രമങ്ങൾ മറച്ച് വെയ്ക്കാനും ഏതാനം ചില മസ്ജിദുകളും മദ്റസകളും മാത്രം അവശേഷിപ്പിച്ചു. വ്യാജപ്രചരണത്തിനായി ചിലരെ പണ്ഡിതവേഷം കെട്ടിക്കുകയും ചെയ്തു.

മതത്തെ തുടച്ച് നീക്കാൻ തുടർച്ചയായി സർക്കുലർ ഇറക്കിയിരുന്നു. മാത്രമല്ല നിരീശ്വരവാദം പ്രചരിപ്പിക്കാൻ ഒരു സംഘടന തന്നെ രൂപീകരിച്ചു. അവർ വിവിധ പ്രദേശങ്ങൾ പഠിച്ച് ആവശ്യമായ പ്രചാരണ കുതന്ത്രങ്ങൾ നടത്തിക്കൊണ്ടിരുന്നു. നൂറ്റാണ്ടുകളായി മതവിജ്ഞാനങ്ങളുടെയും പ്രവർത്തനങ്ങളുടെയും കേന്ദ്രമായിരുന്ന ഈ പ്രദേശങ്ങൾ അക്രമപരമായ സമീപനങ്ങളുടെ ഇരയായിത്തീർന്നു. ലക്ഷക്കണക്കിന് മുസ്ലിംകൾ കൊല്ലപ്പെട്ടു. ഇതിന്റെ വിവരണം അത്യന്തം ഹൃദയഭേദകമാണ്. ഒരു പാകിസ്ഥാനീ ചിന്തകനായ ഡോക്ടർ ഇഅ്ജാസ് ഗീലാനീ, ക്രി: 1980 (ഹിജ്റ: 1400) ലെ റമദാൻ മാസത്തിൽ റഷ്യ സന്ദർശിച്ചിരുന്നു. ഇസ്ലാമാബാദിലെ ഖാഇദെ അഅ്സം യൂണിവേഴ്സിറ്റിയിലെ രാഷ്ട്രീയ കാര്യപ്രൊഫസറാണദ്ദേഹം.ഇന്റർ നാഷണൽ പൊളിറ്റിക്കൽ സയൻസ് അസോസിയേഷന്റെ അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കാൻ പോയ അദ്ദേഹം യാത്രാനന്തരം ലണ്ടനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന "ഇംപാക്റ്റ് ഇന്റർ നാഷണൽ" എന്ന മാസികയൽ യാത്രാ വിവ

രണം എഴുതുകയുണ്ടായി. അതിലെ ഏതാനം ഭാഗങ്ങൾ ശ്രദ്ധിക്കുക.

"ഞങ്ങൾ സമർഖന്ദിലെ രേഗിസ്ഥാൻ എന്ന ജംഗ്ഷനിൽ എത്തി. ഒരു മദ്റസയുടെ മൂന്ന് വലിയ കെട്ടിടങ്ങൾ കൊണ്ട് പ്രസിദ്ധമായ ഒരു സ്ഥലമാണിത്. മൂന്ന് നിലകളുള്ള ഈ കെട്ടിടങ്ങളിൽ നൂറ്റാണ്ടുകളോളം വിദ്യാർത്ഥികൾ താമസിക്കുകയും പഠിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്നിത് കാഴ്ചബംഗ്ലാവായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതിനു പിന്നിലായി സുന്ദരമായ ഒരു മസ്ജിദുണ്ട് അവിടെ ഇപ്പോൾ നമസ്കാരം നടക്കുന്നില്ല. അത് ചുവന്ന നിറംകൊണ്ട് അലങ്കരിക്കപ്പെടുന്നുണ്ടായിരുന്നു. ഈ മസ്ജിദും വിദേശ ടൂറിസ്റ്റുകൾക്കായുള്ള കാഴ്ച ബംഗ്ലാവാണെന്ന് ഗൈഡ് എന്നോട് പറഞ്ഞു. ഇവിടങ്ങളിലെ പൂർവ്വ മുസ്ലിംകളുടെ ഈ സ്മാരകങ്ങൾ കണ്ട് ഞാൻ അഭിമാനിച്ചെങ്കിലും ഒരു കാര്യം എന്നെ അത്യന്തം ദുഃഖിപ്പിച്ചു. മഹത്തായ ഒരു മസ്ജിദിലും മദ്റസയിലുമാണ് ഞാൻ ചുറ്റിക്കറങ്ങുന്നത്. ഇന്നത് മസ്ജിദുമല്ല, മദ്റസയുമല്ല. ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള ഒരു കാഴ്ചബംഗ്ലാവ് മാത്രം!.

അടുത്ത ദിവസം രാവിലെ ഞങ്ങൾ ഗൈഡിനൊപ്പം സമർഖന്ദിലെ ചരിത്ര സ്ഥലങ്ങൾ സന്ദർശിക്കാൻ പുറപ്പെട്ടു. ആദ്യം ഞങ്ങൾ ഗോളശാസ്ത്രജ്ഞനും കൂടിയായ സുൽത്താൻ അൽഗ് ബേഗിന്റെ സ്ഥാപനം സന്ദർശിച്ചു. ശേഷം ഷാഹ്സർദാൻ എന്ന പേരിൽ പ്രസിദ്ധമായ മസ്ജിദ്-മഖ്ബറകളുടെ സമുച്ചയത്തിൽ ചുറ്റിക്കറങ്ങി. ഇതിന്റെ നിർമ്മാണവും ചിത്രങ്ങളും വരകളും അത്ഭുതപ്പെടുത്തുന്നതാണ്. തുടർന്ന് ബീവി ഗാനം മസ്ജിദിൽ എത്തിച്ചേർന്നു. ഈ പ്രദേശത്തുള്ളവയിൽ ഏറ്റവും ഉയരവും സൗന്ദര്യവുമുള്ള മസ്ജിദാണ് ഇത്. 1967-ലെ ഭൂകമ്പത്തിൽ ഇത് തകർന്നുപോയി. ഇന്ന് വിപുലമായ പുനർനിർമ്മാണപ്രവർത്തനങ്ങൾ നടക്കുകയാണ്. പക്ഷെ ഞങ്ങളോടവർ പറഞ്ഞു: നിർമ്മാണം പൂർത്തിയായാൽ ഇതും ഒരു കാഴ്ചബംഗ്ലാവായി മാറ്റുന്നതാണ്. മസ്ജിദുകളായി ഉപയോഗിക്കപ്പെടാത്ത ഇവ കാണുന്നത് എന്നിൽ മടുപ്പുളവാക്കി. അവസാനം ഞാൻ ഗൈഡിനോട് ചോദിച്ചു. ജനങ്ങൾ നമസ്കരിക്കാറുള്ള ഏതെങ്കിലും മസ്ജിദ് ഇവിടെയുണ്ടോ? അയാൾ പറഞ്ഞു: നമസ്കരിക്കാൻ അനുവാദമുള്ള ഒരേ ഒരു മസ്ജിദ് ഉണ്ട്. ഞാൻ ചോദിച്ചു. നമ്മുടെ പരിപാടിയിൽ അതിന്റെ സന്ദർശനവുമുണ്ടോ? ഇല്ലെന്ന് അയാൾ പറഞ്ഞെങ്കിലും എന്റെ നിർബന്ധം കാരണം വൈകുന്നേരത്തെ പരിപാടിയിൽ അവിടെയും പോകാമെന്ന് സമ്മതിച്ചു. വൈകുന്നേരം ഞങ്ങൾ അവിടം സന്ദർശിച്ചു. വിപുലീകരണപ്രവർത്തനങ്ങളൊന്നും അധികം നടക്കാത്ത ഒരു പഴയ സ്ഥലത്താണ് അത് സ്ഥിതിചെയ്യുന്നത്.

അതിന്റെ പരിപാലനത്തിന് ആരുമില്ലായിരുന്നു. ശേഷം സമർഖന്ദിൽ നിന്നും 25 കിലോമീറ്റർ ദൂരെയുള്ള ഇമാം ബുഖാരിയുടെ മഖ്ബറ സന്ദർശിക്കാൻ ഞങ്ങൾ പുറപ്പെട്ടു. മഖ്ബറയുള്ള പ്രദേശം അതിസുന്ദരം തന്നെ നാല് ഭാഗത്തും പൂന്തോട്ടമുണ്ട്. അകം വൃത്തിയുള്ളതായിരുന്നു. ഇമാമിന്റെ മഖ്ബറയ്ക്കടുത്ത് ചെറിയൊരു മസ്ജിദ് ഉണ്ട്. അവിടെ ഞാൻ രണ്ട് റക്അത്ത് നമസ്കരിച്ചു".

അദ്ദേഹം തുടർന്ന് എഴുതുന്നു: "ബുഖാറ പട്ടണത്തിലേക്ക് കടന്നപ്പോൾ കണ്ട വീടുകളിൽ കൂടുതലും ദയനീയ അവസ്ഥയിലായിരുന്നു. ഭിത്തികൾ തേച്ചിട്ടില്ല, വാതിലുകൾ പൂർണമല്ല, റോഡുകൾ മണ്ണു കൊണ്ടുള്ളതാണ്, ഇടയ്ക്കിടെ അഴുക്ക് ജലത്തിന്റെ ചാലുകൾ. ദാരിദ്ര്യം വിളിച്ചറിയിക്കുന്ന ഈ പ്രദേശത്തുകൂടിയാണ് ഞങ്ങൾ ബുഖാറയിലേക്ക് കടന്നത്. ഈ പട്ടണത്തെ മസ്ജിദ് മദ്റസകളുടെ പട്ടണം എന്ന് വിളിച്ചാൽ തെറ്റാകുകയില്ല. നാലു ഭാഗത്തും മസ്ജിദ് - മദ്റസ കെട്ടിടങ്ങൾ മാത്രമേ യുള്ളു. അവിടുത്തെ ചന്തയുടെ ചുറ്റുഭാഗത്തുമുള്ള മിനാരങ്ങളുടെ ആധിക്യം അതും ഒരു മസ്ജിദാണെന്നുള്ള തോന്നലുണ്ടാക്കി. വൈകുന്നേരം വീണ്ടും ഗൈഡിനൊപ്പം ഞങ്ങൾ അതേ മാർക്കറ്റിൽ വന്നു. അയാൾ നിരവധി ചരിത്ര സ്ഥലങ്ങൾ കാണിച്ചു തന്നു. ദറസ് - തദ്രീസുകൾക്ക് അനുവാദം നൽകപ്പെടുന്ന അവിടുത്തെ ഒരേയൊരു മദ്റസയായിരുന്നു അതിലൊന്ന് അവധിയായിരുന്നതിനാൽ വിദ്യാർത്ഥികളെ ആരെയും കാണാൻ കഴിഞ്ഞില്ല. ഇതൊഴികെ അവിടുത്തെ മുഴുവൻ മസ്ജിദുകളും മദ്റസകളും കാഴ്ചബംഗ്ലാവാക്കപ്പെട്ടിരിക്കുന്നു. അതിൽ പലതും ഞങ്ങൾ സന്ദർശിച്ചു. ഒരു മസ്ജിദ് ചിൽഡ്രൻസ് ലൈബ്രറിയാണ്. ഒന്നിൽ ചിത്ര പ്രദർശനം നടക്കുന്നു, മറ്റൊന്നിൽ മദ്യശാല തുറന്നിരിക്കുന്നു. വേറൊന്നിൽ സാംസ്കാരിക പ്രദർശനം നടക്കുന്നത് ഞങ്ങളെ ഗൈഡ് കാണിച്ചുതന്നു. മസ്ജിദിന്റെ പുമുറ്റത്ത് ഉസ്ബെക് സോഫകൾ വിരിച്ചിരിക്കുന്നു. ഇമാമിന്റെ മിഹ്റാബിലാണ് ഡാൻസ് കളിക്കുന്നവരുടെ സ്റ്റേജ്. ഞങ്ങൾ മസ്ജിദിന്റെ അങ്കണത്തിലേക്ക് കടന്നപ്പോൾ അതിന്റെ ഒരു മുറി ബാറായി ഉപയോഗിക്കുന്നതായാണ് കണ്ടത്. കള്ള് കച്ചവടം നന്നായി നടക്കുന്നു. ശേഷം ഡാൻസ് ആരംഭിച്ചു. നെഞ്ച് പിളർക്കുന്ന കാഴ്ചകൾ!. (ജസാറത്ത് ദിനപത്രം: കറാച്ചി 07-10-1980)

## റഷ്യ അന്നുമുതൽ ഇന്നുവരെ

ഹിജ്റ: രണ്ടാം നൂറ്റാണ്ടിന്റെ തുടക്കംമുതലേ മുസ്ലിം പ്രബോധക പോരാളികളുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതമായ ഒരു പ്രദേശ

മാണ് ഉസ്ബക്കിസ്ഥാൻ. റസൂലുല്ലാഹി (സ) യുടെ പിതൃവ്യപുത്രനായ ഖുസ്മുബ്നു അബ്ബാസ് (റ) ന്റെ സമർഖന്ദിലുള്ള മഖ്ബറ ഇതിന് പ്രധാന തെളിവാണ്. ദഅ്വത്ത് - ജിഹാദുകൾക്കായി ഇവിടെ വന്ന അദ്ദേഹം ഇവിടെവച്ച് തന്നെ ശഹാദത്ത് വരിച്ചു. ഇന്നാട്ടിലെ ജനങ്ങൾ ബഹുദൈവാരാധകരും കഠിന ഹൃദയരുമായിരുന്നു. ഇസ്ലാമിക ചരിത്രത്തിലെ രക്തപങ്കിലമായ അദ്ധ്യായം (താർത്താരികളുടെ രക്തച്ചൊരിച്ചിൽ) നടത്തിയത് പ്രധാനമായും ഇവരാണ്. ആദ്യമാദ്യം ഇസ്ലാമിനോട് വളരെ ക്രൂരമായി പെരുമാറിയ ഇവർ പതുക്കെ ഇസ്ലാമിലേക്ക് അടുത്തു. പിന്നീട് എല്ലാവരും ഇസ്ലാം സ്വീകരിച്ചു. ദീനീ വിജ്ഞാനത്തിന് പ്രത്യേക സ്ഥാനം നൽകിയ ഇവരിലൂടെ അറിവിന് ഉന്നതസ്ഥാനം കരസ്ഥമായി. ഹിജ്റ: 8-ാം നൂറ്റാണ്ട് മുതൽ 13-ാം നൂറ്റാണ്ടിന്റെ തുടക്കം വരെ അവരുടെ വൈജ്ഞാനിക-രാഷ്ട്രീയ സാംസ്കാരിക ഔന്നിത്യം ഇവിടെ നിറഞ്ഞുനിന്നു. ഫർഗാന, താഷ്കന്ദ്, സമർഖന്ദ്, ബുഖാറ, ഖവാറസം, മർവ, നൈസാബൂർ, കാഷ്കർ, ഗതൻ എന്നിവിടങ്ങളിൽ മദാരിസുകൾ പരന്നുകിടന്നു. താർത്താരികളുടെ അഴിഞ്ഞാട്ടങ്ങൾ ഈ പ്രദേശത്തെ തകിടം മറിച്ചെങ്കിലും അവർ ഇസ്ലാം സ്വീകരിച്ചതിനാൽ കാര്യങ്ങൾ വീണ്ടും നേരെയായി. പക്ഷെ കുറച്ച് കഴിഞ്ഞപ്പോൾ തന്നെ റഷ്യൻ സാമ്രാജ്യം ഇവർക്കെതിരെ തിരിഞ്ഞു. അതിനെതിരെ ശക്തമായ ചെറുത്ത് നിൽപ്പ് ഉണ്ടായെങ്കിലും മുസ്ലിം ഭരണം പല ഭാഗങ്ങളിലായി വിഭജിക്കപ്പെട്ടു. ഫർഗാനയിലും താഷ്കഖന്ദിലും ഖൈബയിലും വെവ്വേറെ ഭരണകൂടങ്ങൾ നിലവിൽ വന്നു. അവർക്കിടയിലും പരസ്പര വിരോധവും പോരും ശക്തമായി. റഷ്യ ഓരോ നാടുകളോടും പ്രത്യേകം പ്രത്യേകം യുദ്ധം ചെയ്ത് ഈ പ്രദേശം മുഴുവൻ കീഴടക്കി. അവർ നടത്തിയ ആക്രമണങ്ങളുടെ കഥ അത്യന്തം വേദനാജനകമാണ്. 1917 ൽ കമ്മ്യൂണിസ്റ്റ് വിപ്ലവം നടന്നു. അവർ ആദ്യം ഈ നാടുകൾക്ക് പരിമിത സ്വാതന്ത്ര്യം നൽകിയെങ്കിലും 1920 ൽ അതും പിൻവലിച്ചു. അവർക്കിടയിൽ ഗോത്രപരമായ ഭിന്നതൾ ഉണ്ടാക്കാൻ വേണ്ടി ആറ് രാജ്യങ്ങളായി അവരെ വിഭജിച്ചു. രേഖാപരമായി പൂർണ്ണ സ്വാതന്ത്ര്യം നൽകിയെങ്കിലും മുഴുവൻ അധികാരങ്ങളും കമ്മ്യൂണിസ്റ്റുകൾ തന്നെ കയ്യടക്കി. മതത്തിനെതിരെ തുറന്ന യുദ്ധം പ്രഖ്യാപിക്കുകയും കഴിഞ്ഞ കാലഘട്ടത്തിലെ സുന്ദര സ്മരണകൾ തേച്ച് മാച്ച് കളയുവാൻ സകല തന്ത്രങ്ങളും പ്രയോഗിക്കുകയും ചെയ്തു. അറബി ഭാഷ പഠിക്കുന്നത് പോലും കുറ്റകൃത്യമായി പ്രഖ്യാപിച്ചു. രക്തപങ്കിലമായ ഈ 75 വർഷത്തിനിടെ മുസ്ലിംകളുടെ മൂന്ന് തലമുറകൾ കടന്നുപോയി. മുസ്ലിം കുടുംബം എന്നതൊ

ഴിച്ച് ഇസ്ലാമുമായി ഒരു ബന്ധവുമില്ലാത്ത അവസ്ഥ നിലനിന്നു. ഒരന്താരാഷ്ട്ര സെമിനാറിൽ റഷ്യൻ മുസ്ലിംകളുടെ ദാരുണമായ ചിത്രം റഷ്യൻ പണ്ഡിതൻ വരച്ച് കാട്ടിയത് ഇപ്രകാരമാണ്. "ക്രി: 1990 ലെ കണക്കനുസരിച്ച് റഷ്യയിൽ അഞ്ചരകോടി മുസ്ലിംകൾ ഉണ്ട്. 2000 ആകുമ്പോൾ അവർ ഏഴുകോടിയായി ഉയരുമെന്നാണ് പ്രതീക്ഷ. തുർക്കി, ഇറാനി, കോക്കാസി എന്നീ മൂന്ന് വിഭാഗങ്ങളാണ് പ്രധാനമായി അവിടെയുള്ളത്. റഷ്യയിലെ ആറ് രാജ്യങ്ങളിലുള്ള മുസ്ലിംകളുടെ ശതമാനം ഇപ്രകാരമാണ്. അസർബൈജാനിലെ 60 ലക്ഷം ജനസംഖ്യയിൽ 82 ശതമാനം, ഉസ്ബക്കിസ്ഥാനിലെ 1.5 കോടിയിൽ 87 ശതമാനം, കസാകിസ്ഥാനിലെ 1.5 കോടിയിൽ 50 ശതമാനം, കർക്കീസയിലെ 50 ലക്ഷത്തിൽ 70 ശതമാനം, താജ്കിസ്ഥാനിലെ 50 ലക്ഷത്തിൽ 85 ശതമാനം, തുർക്കിസ്ഥാനിലെ 30 ലക്ഷത്തിൽ 82 ശതമാനം, സ്വയം ഭരണപ്രദേശങ്ങളായ താതാരിസ്ഥാനിലെ 35 ലക്ഷം ജനസംഖ്യയിൽ 47 ശതമാനവും, ബഷ്കരിയയിലെ 40 ലക്ഷത്തിൽ 50 ശതമാനവും, ദാഗിസ്ഥാനിലെ 16 ലക്ഷത്തിൽ 55 ശതമാനവും, ചെച്നിയയിലെ 7.5 ലക്ഷത്തിൽ 80 ശതമാനവും മുസ്ലിംകളാണ്.

ക്രി:16–ാം നൂറ്റാണ്ടിന് മുമ്പ് ഇവിടങ്ങളിലെല്ലാം മുസ്ലിം ഭരണമായിരുന്നു. 16–ാം നൂറ്റാണ്ടിൽ റഷ്യൻ സാമ്രാജ്യം ഇവിടം കീഴടക്കി ഇസ്ലാമിനെ തകർക്കാൻ ശ്രമങ്ങളാരംഭിച്ചു. എന്നാൽ മുസ്ലിംകൾ ശക്തമായി ഇതിനെതിരെ ചെറുത്ത് നിന്നു. മുസ്ലിം പ്രതിരോധത്തിന്റെ തുടർച്ച ഒരു നൂറ്റാണ്ടിലേറെ നിലനിന്നു. ധാരാളം പേർ വധിക്കപ്പെട്ടു. നിരവധി പ്രദേശങ്ങളിൽ മുസ്ലിംകൾ ഒന്നടങ്കം നാടുകടത്തപ്പെട്ടു. മധ്യയുഗം പോലും തോറ്റുപോകുന്ന അക്രമ, മർദ്ദന, പീഠനങ്ങളുടെ ഭയാനക രംഗങ്ങൾ അരങ്ങേറി. പക്ഷെ സത്യവിശ്വാസികൾ ദൃഢചിത്തതയോടെ നിലകൊണ്ടു.

ചെച്നിയ, അൽഗോശ് എന്നീ രണ്ട് നാടുകളിൽ മാത്രം 25 ഓളം തവണ ശക്തമായ പോരാട്ടങ്ങൾ നടന്നു. ഉലമാക്കളും സൂഫികളും നേതൃത്വം നൽകിയ ഈ പോരാട്ടങ്ങളുടെ ബാഹ്യഫലം പരാജയമായിരുന്നു. മൂന്ന് മുതൽ നാല് ശതമാനത്തോളം ജനങ്ങളും കൊല്ലപ്പെട്ടു. നാടുകളും വീടുകളും കൃഷികളും നശിപ്പിക്കപ്പെട്ടു. പക്ഷെ, മുസ്ലിംകൾ അടിയുറച്ച് നിന്നു. 20–ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ റഷ്യയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവം അരങ്ങേറിയതിന് ശേഷം അക്രമവും പീഡനങ്ങളും പൂർവ്വാധികം വർദ്ധിച്ചു. പള്ളികൾ ധാന്യപ്പുരകളോ കാലിത്തൊഴുത്തുകളോ ആക്കി മാറ്റി. മസ്ജിദുകളും ശരീഅത്ത്കോടതികളും നിർത്തലാ

ക്കപ്പെട്ടു. ദീനനുസരിച്ച് അമൽ ചെയ്യുന്നത് നിയമവിരുദ്ധമാക്കപ്പെട്ടു. ഖുർആൻ കൈവശം വെയ്ക്കുന്നത് തൂക്കിലേറ്റപ്പെടുകയോ 70 വർഷം സൈബീരിയയിലേക്ക് നാട്കടത്തപ്പെടുകയോ ചെയ്യാവുന്ന കുറ്റമായി പ്രഖ്യാപിക്കപ്പെട്ടു.

പട്ടാളശക്തി ഉപയോഗിച്ചായിരുന്നു ഈ ക്രൂരകൃത്യങ്ങളെല്ലാം ചെയ്തത്. നാട് കടത്തപ്പെടുന്നവർക്ക് ഒരു മണിക്കൂർ മാത്രം സാവകാശം നൽകുകയും അതിനിടയിൽ 50 കിലോ വരെ മാത്രം ഭാരം വരുന്ന സാധനങ്ങൾ എടുക്കാൻ അനുവാദം നൽകുകയും ചെയ്തു. ഇതിനെതിരെ പ്രതികരിച്ചവരെ വെടിവെച്ച് കൊന്നുകളയുകയും ബാക്കിയുള്ളവരെ ട്രെയിൻ ബോഗികൾക്കുള്ളിൽ കുത്തി നിറച്ച് മറ്റ് പ്രദേശങ്ങളിൽ കൊണ്ടുപോയി തള്ളുകയും ചെയ്തു. ഇതുപോലുള്ള മൃഗീയ പീഡനങ്ങൾ റഷ്യൻ ഭരണത്തിൻകീഴിലുള്ള പല പ്രദേശങ്ങളിലും അരങ്ങേറി. മുസ്‌ലിം പ്രദേശങ്ങളിൽ അവരുടെ അസ്തിത്വം തീർത്തും ഇല്ലാതാക്കുന്നതിന് വേണ്ടി അമുസ്‌ലംകളെ താമസിപ്പിച്ചു. നാടുകളുടെ പേരുകൾ മാറ്റപ്പെട്ടു. മുസ്‌ലിംകളെ ഗോത്രാടിസ്ഥാനത്തിൽ വിഭജിച്ചു. എതിർത്തവരെ വധശിക്ഷയ്ക്ക് വിധേയമാക്കി. വർഷങ്ങളോളം ഈ മൃഗീയ പീഡനങ്ങൾ തുടർന്നെങ്കിലും വാർത്ത പുറം ലോകമറിയാതെ രഹസ്യമാക്കി വെച്ചു. എന്നാൽ പതുക്കെ പതുക്കെ സംഭവം പുറം ലോകമറിഞ്ഞതോടെ ശക്തമായ പ്രതിഷേധം ഉയർന്നു. അതിനെ തുടർന്ന് പലർക്കും സ്വദേശത്തേക്ക് തിരിച്ചുവരാൻ അനുവാദം നൽകപ്പെട്ടെങ്കിലും അവരുടെ നാടുകളുടെ മിക്ക ഭാഗങ്ങളും മറ്റ് നാടുകളുമായി കൂട്ടിച്ചേർക്കപ്പെട്ടിരുന്നു. ഇരുന്നൂറ് വർഷത്തോളം നീണ്ടുനിന്ന ഈ പീഡനങ്ങളും മർദ്ദനങ്ങളും കാരണമായി മുസ്‌ലിം മനസ്സുകളിൽ സത്യത്തിന് നിരക്കാത്ത ചിന്തകളും വിശ്വാസങ്ങളും കുത്തി നിറയ്ക്കപ്പെട്ടിരുന്നു. ഇസ്‌ലാമിനെ കുറിച്ച് യാതൊരു വിവരവും മുസ്‌ലിംകൾക്കില്ലാത്ത അവസ്ഥ സംജാതമായി. എന്നാൽ ഉറച്ച മനസ്സും പതറാത്ത പാദവുമുള്ള നിരവധി ത്യാഗിവര്യന്മാർ അവിടെയുണ്ടായിരുന്നു. രാത്രിയുടെ കൂരിരുട്ടിൽ മലമടക്കുകളിലെ ഗുഹകളിൽ മറഞ്ഞിരുന്ന് മങ്ങിയ വിളക്കിന്റെ വെളിച്ചത്തിൽ തലമുറകൾക്ക് അവർ ദീനീ വിജ്ഞാനം പകർന്ന് കൊടുത്തു. അവരിൽ ചിലർ പിടിക്കപ്പെട്ടു. ചിലർ രക്ഷപെടുകയും വീണ്ടും പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് ആധിപത്യത്തിന്റെ കടുംപിടിത്തം കുറഞ്ഞ ഇന്നത്തെ റഷ്യ നമുക്ക് നൽകുന്ന പാഠമിതാണ്. മുൻഗാമികളുടെ ത്യാഗത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി അവിടുത്തെ മുസ്‌ലിംകൾക്ക് ഇസ്‌ലാമുമായുള്ള ബന്ധം ഇന്നും നിലനിൽക്കുന്നു.

മസ്ജിദുകൾ ധാരാളം നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ബാലപാഠശാലകളും ഇപ്പോൾ ധാരാളമുണ്ട്.

ഇക്കാര്യത്തിൽ ഭരണകൂടത്തിന്റെ വീക്ഷണങ്ങൾക്ക് മാറ്റം വന്നില്ലെങ്കിലും സാമ്പത്തിക ഞെരുക്കം കാരണമായി സമീപനത്തിൽ അവർ മയം കാണിച്ചു തുടങ്ങിയിരിക്കുന്നു. ഇക്കാരണത്താൽ തന്നെ വിദേശികളുടെ സഹായ സഹകരണങ്ങൾക്കായി കവാടം തുറക്കപ്പെട്ടിരിക്കുന്നു. ഇത് പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഓക്സ്ഫോർഡ് ഇസ്ലാമിക് സെന്റർ ഇമാം ബുഖാരിയുടെ നാമധേയത്തിൽ മുൻസൂചിത പദ്ധതിയുമായി രംഗത്തിറങ്ങിയത്. അവിടത്തെ പ്രത്യേക പരിതസ്ഥിതി പരിഗണിച്ച് ഭരണകൂടത്തിലെ ഉയർന്ന ഉദ്യോഗസ്ഥരെയും പരിപാടിക്ക് ക്ഷണിക്കുകയുണ്ടായി. അവർ പങ്കെടുക്കുകയും സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു.

## താർത്താരികളുടെ ഉത്ഥാനപതനങ്ങളും അവയുടെ പാഠങ്ങളും

താർത്താരി വംശജരാണ് ബുഖാറയിലും പരിസര നാടുകളിലും കൂടുതലായി വസിക്കുന്നത്. ഒരുകാലത്ത് അവർ മുസ്ലിംകളോട് യുദ്ധം ചെയ്ത് മുസ്ലിം ലോകത്തിന്റെ വലിയൊരു ഭാഗം പിടിച്ചടക്കി. അവർ ബഹുദൈവാരാധകരായിരുന്നു. പക്ഷെ പതുക്കെപ്പതുക്കെ എല്ലാവരും ഇസ്ലാമിലേക്ക് കടന്നുവന്നു. തുടർന്ന് ലോകം മുഴുവൻ ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും അവർ വലിയ പങ്ക് വഹിച്ചു. ഇവിടെയുള്ള വിവിധ രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുകയായിരുന്നു അവർ. എന്നാൽ റഷ്യയിലെ കമ്മ്യൂണിസ്റ്റ് നേതൃത്വം ഈ രാജ്യങ്ങളെ സൗഹൃദ സഹകരണ കരാർ എന്ന പേരിൽ റഷ്യയുമായി കൂട്ടിയിണക്കി ഒരു സംയുക്ത ജനാധിപത്യസഖ്യമുണ്ടാക്കി. ഈ പ്രദേശങ്ങളിൽ അതോടെ റഷ്യ ആധിപത്യം ഉറപ്പിച്ചു. പിന്നീട് അവരുടെ ഗോത്ര വ്യത്യാസങ്ങളെ മുതലെടുത്ത് പല വിഭാഗങ്ങളായി വിഭജിച്ചു. വിവിധ ഭാഷകളുടെ പേരിലും അവരെ ഭിന്നിപ്പിച്ചു. അങ്ങനെ വലിയ ഒരു സമൂഹമായിരുന്ന താർത്താരികളുടെ ഐക്യം അവർ ഇല്ലാതാക്കി. ചൈനയിൽ സൻക്യൻഗ് എന്ന പേരിലും റഷ്യയിൽ താജികിസ്താൻ, ഖർഗീസിയ, ഖാസിക്കിസ്ഥാൻ, ഉസ്ബകിസ്ഥാൻ, തുർക്കമെനിസ്ഥാൻ, താതാരിസ്ഥാൻ എന്നീ പേരുകളിൽ പ്രദേശങ്ങളായും സമുദായങ്ങളായും അവരെ വിഭജിച്ചു. റഷ്യയുടെ പതനത്തിന് ശേഷം ഇവയിൽ ഭൂരിപക്ഷം പ്രദേശം സ്വതന്ത്രമായെങ്കിലും കമ്മ്യൂണിസ്റ്റ് കോമൺവെൽത്ത് എന്ന

പുതിയ പേരിൽ അവരെ ഒതുക്കിയിരുന്നു. അങ്ങനെ സ്വാതന്ത്ര്യം ലഭിച്ചിട്ടും കമ്മ്യൂണിസ്റ്റുകളുടെ മതവിരുദ്ധ നയത്തിന് കീഴിൽ തന്നെ അവർക്ക് ജീവിക്കേണ്ടി വരുന്നുവെങ്കിലും ഈ പ്രദേശങ്ങൾ ഇന്ന് പൂർണ്ണമായും അടച്ച് പൂട്ടപ്പെട്ടിട്ടില്ല. എല്ലാവർക്കും ഇവിടെ വരാനും പ്രവർത്തിക്കാനും സ്വാതന്ത്ര്യമുണ്ട്. ശക്തന്മാരായ ഈ സമൂഹം മുമ്പൊരിക്കൽ ഇസ്‌ലാമിക പതാകയുടെ കീഴിലൊതുങ്ങി അതിമഹത്തായ പല സേവനങ്ങളും ചെയ്തവരാണ്. ഇന്ന് അവരിതാ ദീൻ വിരുദ്ധ പതാകയുമേന്തി ലോകത്ത് ഗതിമുട്ടിയ യാജക സമൂഹമായി മാറിയിരിക്കുന്നു. മഹത്വത്തിലും നാഗരിക നിർമ്മാണ പ്രവർത്തനങ്ങളിലും അതുല്യമായ സമൂഹമായിരുന്നു താർത്താരികൾ. അവർ ഇസ്‌ലാമിക പതാകയും വഹിച്ച് ലോകത്തിന്റെ വിശാലമായ ഒരു ഭൂപ്രദേശം കീഴടക്കി തുർക്കികൾ എന്ന പേരിൽ അറിയപ്പെട്ടു. അവരിലെ ഒരു വിഭാഗമാണ് തുർക്കി മുതൽ യൂറോപ്പിന്റെ ഹൃദയം വരെ വിജയഭരണങ്ങളുടെ വെന്നിക്കൊടി പാറിപ്പിച്ചത്. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ മൂന്ന് വൻകരകളിലെ പ്രധാന പ്രദേശങ്ങളിൽ അവർ ഒരേ സമയം ഭരണം നടത്തി. റോമിന്റെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കി. റോമയിലെ ബൈസന്റീനിയൻ രാജവംശത്തെ തകർത്തെറിഞ്ഞു. സുൽത്താൻ സുലൈമാൻ ഖാനൂനിയുടെ കാലത്ത് അവരുടെ ഭരണം ലോകത്തിലെ വൻശക്തിയായി. മാറിയിരുന്നു. ഇവരിലെ ഉസ്മാൻ എന്ന് പേരുള്ള തുർക്കി ഭരണാധികാരിയിലേക്ക് ചേർത്ത് ഉസ്മാനീ ഖിലാഫത്ത് എന്ന പേരിൽ പിന്നീട് അറിയപ്പെട്ടത്. ഇസ്‌ലാമിക ഖിലാഫത്തിന്റെ മഹത്തായ സ്ഥാനം കരസ്ഥമാക്കിയ ഇവർ തുടർന്ന് 700 വർഷം മുസ്‌ലിം ലോകത്തിന് നേതൃത്വം നൽകി. അവർക്ക് മുന്നിൽ പല പ്രാവശ്യം യൂറോപ്യൻ ശക്തികൾ പരാജയപ്പെട്ടു.

എന്നാൽ ഇസ്‌ലാമിക ഖിലാഫത്തിന്റെ വക്താക്കളിലും അധഃപതനത്തിന്റെ മൂലരോഗങ്ങൾ പിടിപെട്ട് ബലഹീനമാകാൻ തുടങ്ങി. അയൽ രാജ്യങ്ങളിലെ യൂറോപ്യൻ രാജാക്കന്മാരുടെ സമ്മർദ്ദം കാരണം അവർ പതുക്കെ പതുക്കെ ലക്ഷ്യ ബോധത്തിൽ നിന്ന് അകന്നു. അവസാനം യൂറോപ്യൻ താൽപര്യങ്ങളുടെ പ്രധാന പാദസേവകനായ തുർക്കി ജനറൽ മുസ്തഫാ കമാൽ മുസ്‌ലിം ലോകത്തിന്റെ കേന്ദ്രവും ആശ്രയവുമായി നിലനിന്നിരുന്ന ഉസ്മാനിക ഖിലാഫത്തിന്റെ തായ്‌വേര് അറുത്ത് ഇസ്‌ലാമിക മുന്നേറ്റത്തിന്റെ അന്ത്യം കുറിച്ചു. ഇസ്‌ലാമിക ചരിത്രത്തിലെ അത്യന്തം നിന്ദ്യവും വേദനാജനകവുമായ ഘട്ടമാണിത്. മുസ്‌ലിം ലോകത്തിന് ഇത് വലിയ നഷ്ടം വരുത്തുകയുണ്ടായി.

താർത്താരികളുടെ മറ്റൊരു ഗോത്രത്തിൽ ജനിച്ചുയർന്ന മറ്റൊരു നേതാവാണ് തൈമൂർ. അദ്ദേഹം തുർക്കിസ്ഥാനിൽ തന്റെ ശക്തി തെളിയിക്കാൻ തുടങ്ങി. അക്കാലത്ത് സമർഖന്ദും ബുഖാറയും ലോകത്തെ വൻ നഗരങ്ങളായിരുന്നു. അതിന്റെ പരിസര പ്രദേശങ്ങളിൽ നാഗരികതയും പ്രസിദ്ധിയാർജ്ജിച്ചിരുന്നു. ശക്തിയിലും ഭരണത്തിലും വ്യക്തിമുദ്ര പതിപ്പിച്ചപ്പോൾ തന്നെ വൈജ്ഞാനിക മേഖലകളിലും അവർ പാരമ്യതയിലെത്തി. ലോകം ജയിച്ചടക്കുന്നതിലും മുൻപന്തിയിലായിരുന്നു അവർ. ദക്ഷിണേന്ത്യവരെ അവർ ചെന്നെത്തുകയും നൂറ്റാണ്ടുകളോളം അവർ ഉന്നത ഭരണം കാഴ്ചവെയ്ക്കുകയും ചെയ്തു. സ്വന്തം നാട്ടിൽ മാത്രമല്ല വിദേശങ്ങളിലും അവരുടെ മഹത്വം വിളിച്ചറിയിക്കുന്ന ചിഹ്നങ്ങൾ ഇന്നുമുണ്ട്. ദക്ഷിണേന്ത്യയിലെ താജ്മഹൽ, കുതുബ് മീനാർ, വലിയ പള്ളികൾ, കോട്ടകൾ എന്നിവ അവയിൽ പെട്ടതാണ്. ഇന്ത്യൻ തനതുസാംസ്കാരിക പൈതൃകത്തിന്റെ പിന്നിലും അവരുടെ കരങ്ങൾ കാണാം. സാംസ്കാരിക നാഗരികതകളിലും വൈജ്ഞാനിക മേഘലകളിലും മുന്നിൽ നിൽക്കുന്ന ഇന്ത്യൻ മുസ്‌ലിംകൾ ഇന്ത്യവിഭജനം കാരണമായി രണ്ട് കഷണങ്ങളായിരുന്നില്ലെങ്കിൽ ലോകമുസ്‌ലിംകളുടെ നായക സ്ഥാനത്തേക്ക് ഉയരുമായിരുന്നു.

അവരുടെ ജന്മ നാടുകളിൽ ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ മഹത്തരങ്ങളായ മറ്റു ഭരണകൂടങ്ങളും നിലവിൽ വന്നിരുന്നു. അവയുടെ തണലിൽ വൈജ്ഞാനിക നാഗരികതകൾക്ക് വലിയ മുന്നേറ്റം സിദ്ധിച്ചു. ഖവാറസൻ രാജവംശം അക്കൂട്ടത്തിൽ പ്രത്യേകം സ്മരണീയമാണ്. പക്ഷെനൂറ്റാണ്ടുകളോളം ഔന്നത്യത്തിന്റെ രാജപാതയിലൂടെ സഞ്ചരിച്ച ശേഷം മുസ്‌ലിം ലോകത്തെ ഈ പ്രദേശം മുഴുവൻ കഴിഞ്ഞ മൂന്ന് നൂറ്റാണ്ടിനുള്ളിൽ തകർന്ന് പോയി. യൂറോപ്പിന്റെ ശക്തിയും പ്രതികാര നടപടികളും ഗൂഢാലോചനയും അന്നാടുകളിൽ അഴിഞ്ഞാടി. യൂറോപ്യർ പരീക്ഷിച്ച പദ്ധതികളെല്ലാം വിജയിച്ചു. മുസ്‌ലിം മഹത്വം നിറഞ്ഞുനിന്ന ഈ പ്രദേശങ്ങളെല്ലാം ഇന്ന് മുസ്‌ലിം ശത്രുക്കളുടെ കാൽക്കീഴിലാണ്.

## ഉപസംഹാരം

കഴിഞ്ഞ മൂന്ന് നൂറ്റാണ്ടുകൾ ലോക മുസ്‌ലിംകൾക്ക് വലിയ പാഠങ്ങൾ പറഞ്ഞു തരുന്നുണ്ട്. ഔന്നത്യത്തിന്റെ ഉന്നതിയിൽ നിന്ന് അധഃപതനത്തിന്റെ അഗാധഗർത്തത്തിലേക്ക് തലകുത്തിവീണ വേദനാജനകമായ ചരിത്രം നമ്മുടെ തെറ്റുകളും അശ്രദ്ധകളും വിവരിച്ചു തരുന്നു. അവ ആഴത്തിൽ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ മാത്രമേ നമ്മുടെ ഭാവി നന്നാക്കാനും നഷ്ടപ്പെട്ട മഹത്വം തിരിച്ച് പിടിക്കാനും ശത്രുക്കളുടെ

കുതന്ത്രങ്ങൾ തകർത്തെറിയാനും സാധിക്കുകയുള്ളൂ. ഈ മൂന്ന് നൂറ്റാണ്ടിന്റെ ചരിത്രം വിലയിരുത്തിയാൽ മനസ്സിലാകുന്ന കാര്യമിതാണ്; ഈ നൂറ്റാണ്ടിലെ മുസ്‌ലിം അധഃപതനത്തിന്റെ കാരണം സത്യദീൻ കർമ്മപഥത്തിൽ കൊണ്ടുവരാത്തതാണ്. സ്ഥാനമാനങ്ങൾക്ക് വേണ്ടിയുള്ള കടിപിടി, അധികാരത്തിനായുള്ള ചരട് വലി, വ്യക്തി താൽപര്യത്തിനു വേണ്ടി മറ്റുള്ളവരെ തരം താഴ്ത്താനും പരാജയപ്പെടുത്താനും ശത്രുക്കളോടുപോലും സഹായം തേടിയത്, നിസ്സാര ലാഭങ്ങൾക്ക് മുസ്‌ലിം വിരുദ്ധ ശക്തികളുമായി ചങ്ങാത്തം കൂടിയത്, പണക്കൊഴുപ്പിന്റെ പ്രകടനം, നിർമ്മാണാത്മക ലക്ഷ്യങ്ങൾക്ക് പകരം പെരുമ പ്രകടിപ്പിക്കാൻ പണം ദുർവ്യയം ചെയ്തത്, രാഷ്ട്രത്തിന്റെയും ജനങ്ങളുടെയും ജീവിതത്തെ ശരിയായ വൈജ്ഞാനിക കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ വളർത്തിക്കൊണ്ട് വരുന്നതിലും, വിദ്യാഭ്യാസത്തിലും വീഴ്ച വരുത്തിയത്, തുടങ്ങിയവ തകർച്ചയിൽ പങ്ക് വഹിച്ച മറ്റു കാരണങ്ങളാണ്. ഇതേ കാരണങ്ങൾ തന്നെയാണ് ഇന്ത്യയിൽ മുസ്‌ലിം ഭരണം ഇല്ലാതാക്കിയതും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് വഴിയൊരുക്കിയതും.

ധാരാളം നാശനഷ്ടങ്ങൾക്ക് ശേഷം അവിടത്തെ അറിവും ബോധവുമുള്ളവർ കാര്യം ഗ്രഹിച്ച് കഴിഞ്ഞിരിക്കുന്നു. അവർ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. വലിയ പ്രതീക്ഷകൾക്ക് ഇത് വക നൽകുന്നു.

നിഷേധികളായിരുന്നിട്ടും അറിവും ത്യാഗവും പ്രയോജനപ്പെടുത്തിയപ്പോൾ യൂറോപ്യർ ലോകത്തിന്റെ നായകരായി. സത്യവിശ്വാസികളും വൈജ്ഞാനിക നാഗരികതകളുട വക്താക്കളുമായിരുന്നിട്ടും നാം അറിവും കർമ്മവും അവഗണിച്ചപ്പോൾ നിന്ദ്യരായി. പക്ഷെ ഇപ്പോൾ അവസ്ഥ മാറി തുടങ്ങിയിരിക്കുന്നു. യൂറോപ്പിനും തങ്ങളുടെ സംസ്കാരത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടു കഴിഞ്ഞു. തങ്ങളുടെ ന്യായമായ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ തങ്ങളുടെ മതം അനുയോജ്യമല്ലെന്ന് അവർ തിരിച്ചറിഞ്ഞു.

അവരുടെ രോഗത്തിനുള്ള മരുന്നായി ഇസ്‌ലാമല്ലാതെ മറ്റൊരു ദർശനവും ഇപ്പോൾ അവരുടെ മുന്നിലില്ല. പക്ഷെ ഇസ്‌ലാമിനെ പരിചയപ്പെടുത്താൻ ആളുകൾ വളരെ കുറവാണ്. മുസ്‌ലിം മഹത്വം തിരിച്ച് വരാനുള്ള അടിസ്ഥാനമാർഗ്ഗം പരസ്പര ഐക്യവും യോജിപ്പും അറിവിലും ആത്മാർത്ഥതയിലും അധിഷ്ഠിതമായ ത്യാഗ പരിശ്രമങ്ങളുമാണ്. ഈ നന്മകൾ എവിടെയെല്ലാം എത്രമാത്രമുണ്ടായിത്തീരുമോ അതിനനുസൃതമായി അവിടങ്ങളിലെല്ലാം അന്തസ്സാർന്ന ഭാവികാലത്തെ കുറിച്ച് പ്രതീക്ഷകൾ വച്ച് പുലർത്താവുന്നതാണ്.